ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ദീർഘവീക്ഷണത്തോടുകൂടി കേരളത്തിന്റെ വികസനത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള ഭാവനാസമ്പന്നമായ ഒരു നയ മാണ് ബഹുമാന്യനായ പി.കെ. കുഞ്ഞാലിക്കുട്ടി ഇപ്പോൾ വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ കേരളത്തിൽ അവതരിപ്പിച്ചത്. ഇതിന് മുമ്പുള്ള കാലത്തും അദ്ദേഹത്തിന്റെ ദീർഘവീക്ഷണം പിന്നീടുള്ള ഗവൺമെന്റുകൾക്ക് ഉപകാരമായിട്ടുള്ളതായി കേരളത്തിന്റെ വ്യവസായ ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇത്തവണ ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത് എമർജിംഗ് കേരള യാണ്. എമർജിംഗ് കേരളയ്ക്കു മുമ്പ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെ യു.ഡി.എഫ്-ന്റെ വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് കേരളത്തിൽ ആരംഭിച്ചു. സമാനമായ അത്തരത്തിലൊരു വ്യവസായ സംഗമം ഇൻഡ്യയിൽ ആദ്യമായി നടപ്പി ലാക്കിയത് കേരളത്തിലാണ്. മറ്റൊരു സ്ഥലത്തും സമാനമായ സംഗമം ഉണ്ടായിരുന്നില്ല. നമ്മൾ 'ജിം' തുടങ്ങിയതിനുശേഷം ഗുജറാത്തിൽ നരേന്ദ്രമോഡി 'വൈബ്രന്റ് ഗുജറാത്ത്' ആരംഭിച്ചു. കർണ്ണാടകത്തിൽ വന്ന യെദ്യൂരപ്പ 'ജിം' എന്നുതന്നെ പേരിട്ടുകൊണ്ട് ഗ്ലോബൽ ഇൻവെ സ്റ്റേഴ്സ് മീറ്റ് കൊണ്ടുവന്നു. പക്ഷേ ദൗർഭാഗ്യവശാൽ പിന്നീട് വന്ന ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് അത്തരത്തിൽ വിദേശ സംരം ഭകരെ, വിദേശ ടെക്നോളജിയെ നമ്മുടെ കാർഷിക രംഗത്ത്, നമ്മുടെ

വ്യാവസായിക രംഗത്ത് പുതുജനറേഷനൊന്നും കൊണ്ടുവരാൻ കഴിഞ്ഞില്ല. നമ്മളെ പകർത്താൻ മറ്റ് സംസ്ഥാനങ്ങൾ തയ്യാറായപ്പോൾ നമ്മുടെ തന്നെ പദ്ധതി നമ്മൾ തന്നെ പരാജയപ്പെടുത്തിയ കാഴ്ചയാണ് കഴിഞ്ഞ 5 വർഷക്കാലം കണ്ടത്. എമർജിംഗ് കേരളയെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് ദീർഘമായി കടക്കുന്നില്ല. അതിനെക്കുറിച്ച് ശ്രീ. കെ.എൻ.എ. ഖാദർ വളരെ വിശദമായിത്തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സുപ്രധാനമായ കേരളത്തിന്റെ മേഖലകൾ ഐ.ടി., ഐ.ടി. അനുബന്ധം, ടൂറിസം, ഫുഡ് പ്രോസ്സസിംഗ്, എഡ്യൂക്കേഷൻ, ഹെൽത്ത്, ഹരിതോർജ്ജമടക്കമുള്ള ഊർജ്ജം, സയൻസ് ആന്റ് ടെക്നോളജി, ബയോടെക്നോളജി, നാനോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഇതെല്ലാം വരുന്ന ഇൻഫ്രാസ്ട്രക്ച്ചർ, ഡിഫൻസ് പ്രൊഡക്ഷൻ അത്തരത്തിലുള്ള എല്ലാ മേഖലയും സമഗ്രമായി കണ്ടുകൊണ്ട് നമ്മുടെ കാർഷിക രംഗത്തുപോലും കാർഷികോൽപ്പന്നങ്ങൾക്ക് വാല്യു ആഡഡായിട്ടുള്ള പുതിയ ഉൽപ്പന്നങ്ങൾ ആ മേഖലയിൽത്തന്നെ ആരംഭിക്കാൻ കഴിയുന്ന വിദേശ നൂതന ടെക്നോളജിയെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ചുകൊണ്ടുവരുന്ന വലിയ മുന്നൊരുക്കങ്ങളോടുകൂടിയ ബിസിനസ്സ് മീറ്റുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പൂർത്തിയാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷക്കാലമായി എമർജിംഗ് കേരള കേരളത്തിന്റെ വ്യവസായ വികസന മുന്നേറ്റത്തിന് പുതിയ തുടക്കമാകുന്ന തരത്തിലുള്ള

ഒരു വലിയ പ്രതീക്ഷ കേരളത്തിന്റെ പൊതുസമൂഹത്തിനുമുന്നിൽ പങ്കു വയ്ക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടങ്ങളെ സംബന്ധിച്ച് ഇതിനുമുമ്പ് പ്രസംഗിച്ച സ്നേഹിതന്മാർ വിശദീകരിക്കുകയുണ്ടായി. പെരുപ്പിച്ച കണക്കുകൾ മുഴുവൻ കളവായിരുന്നുവെന്ന് വേദനയോടു കൂടി പറയേണ്ടിവരുന്നു. ആധികാരികമായ രേഖകൾ നമ്മളോട് സംസാരിക്കുന്ന ഒരു കാലമാണിത്. ഞാൻ രണ്ടുമൂന്ന് ഉദാഹരണങ്ങൾ മാത്രം പറയാം. ഇവിടെ റിയാബിന്റെ ഓഡിറ്റിന്റെ പുതിയ കണക്കുകൾ വന്നു കഴിഞ്ഞു. കൊയിലോൺ സ്പിന്നിംഗ് മിൽ 2010-11-ൽ 1481 ലക്ഷം രൂപ ലാഭമാണെന്ന് നിങ്ങൾ പറഞ്ഞ സ്ഥാനത്ത് 258 ലക്ഷം രൂപ നഷ്ടമായിരുന്നുവെന്ന് റിയാബിന്റെ കണക്കിലൂടെ പുറത്ത് വരികയാണ്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് 53 ലക്ഷം രൂപ ലാഭമെന്ന നിങ്ങളുടെ കണക്കിന്റെ സ്ഥാനത്ത് 471 ലക്ഷം നഷ്ടമാണെന്ന് റിയാബിന്റെ ഓഡിറ്റ് കഴിഞ്ഞപ്പോൾ പുറത്തുവരികയാണ്. എന്റെ ജില്ലയിലെ ആലപ്പി സ്പിന്നിംഗ് മില്ലിൽ ലാഭമുണ്ടാക്കിയത് എങ്ങനെയാണ്? ആലപ്പി സ്പിന്നിംഗ് മില്ലിന്റെ ഭൂമി വിറ്റിട്ടാണ് ലാഭമുണ്ടാക്കിയത്. ഭൂമി വിറ്റ് ലാഭമെടുത്തിട്ട് ആലപ്പി സ്പിന്നിംഗ് മിൽ ലാഭമാണെന്ന് പറഞ്ഞുകൊണ്ട് അതിന് പ്രചാരവേല നടത്തുവാൻ വേണ്ടി കോടിക്കണക്കിന് രൂപ സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ച ഒരു സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. ഇവിടെ കുറേ സ്ഥാപനങ്ങൾ വന്നിരുന്നു. ആ സ്ഥാപനങ്ങൾ എങ്ങനെയാണ് വന്നത്? ബഹുമാന്യനായ കേന്ദ്ര പ്രതിരോധ

വകുപ്പുമന്ത്രി എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ നമ്മുടെ സംസ്ഥാനത്ത് കുറെ വ്യവസായസ്ഥാപനങ്ങൾ വന്നിട്ടുണ്ട്. എച്ച്.എ.എൽ. പോലുള്ള സ്ഥാപനങ്ങൾ വന്നു. കാസർകോട് (Bharat Earth Movers Limited) ബി.ഇ.എം.എൽ., പാലക്കാട്ട് ബി.എച്ച്.ഇ.എൽ, കളമശ്ശേരിയിൽ നിർദ്ദേശ്, ബേപ്പൂരിൽ ജോയിന്റ് വെഞ്ചേഴ്സായി കെൽടെക്കുമായിട്ട് ബ്രഹ്മോസ്, സെയിൽ സ്റ്റീൽ കോംപ്ലക്സ്, എൻ.ടി.പി.സി. - ടെൽക്ക് തുടങ്ങിയവയൊക്കെ വന്നു. ഇതൊക്കെ നിങ്ങൾക്ക് തുടങ്ങാൻ കഴിഞ്ഞത് എന്തുകൊണ്ടാണ്? മുമ്പ് ശ്രീ. പി .കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഏതാണ്ട് 850 ഏക്കറോളം ഭൂമി അക്വയർ ചെയ്തിട്ടിരുന്നതു കാരണം കേന്ദ്രമന്ത്രി ശ്രീ.എ.കെ. ആന്റണിയുടെ പ്രൊപ്പോസൽ വന്നപ്പോൾ നിങ്ങൾക്ക് എളുപ്പത്തിൽ അത് അക്സപ്റ്റ് ചെയ്യാൻ സാധിച്ചു. കണ്ണൂർ വിമാനത്താവളത്തിന്റേതൊഴിച്ചാൽ കിൻഫ്രായ്ക്കുവേണ്ടിയുള്ള 177 ഏക്കറാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾക്ക് ഏറ്റെടുക്കാൻ കഴിഞ്ഞത്. ഒരു മാസീവായ ലാന്റ് അക്വിസിഷൻ നിങ്ങൾ നടത്താത്തതിന്റെ പേരിൽ, ഒരു ദീർഘവീക്ഷണമില്ലായ്മയുടെ പേരിൽ ഇനിയിപ്പോൾ കേന്ദ്ര ഗവൺമെന്റ് പുതിയ പ്രോജക്ട് തന്നാൽ പോലും അത് പെട്ടെന്ന് ആരംഭിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അല്പം പോലും ദീർഘവീക്ഷണം നിങ്ങൾ ഈ കാര്യത്തിൽ കാണിച്ചില്ല. പക്ഷേ നിങ്ങൾ ചില കാര്യങ്ങളിൽ കാണിച്ചു. ഇവിടെ ഇതിനുമുമ്പ് പ്രസംഗിച്ചവർ ടെൽക്കിന്റെ ഭൂമി കൈമാ

റിയത് സംബന്ധിച്ച് പറഞ്ഞു.. ടെൽക്കിന്റെ ഭൂമി 76% സ്വകാര്യ നിക്ഷേപമുള്ള ഇൻകെലിന് കൈമാറിയത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തല്ലേ? അപ്പോൾ നിങ്ങളുടെ താല്പര്യം ഏത് മേഖലയോടായിരുന്നു എന്നുള്ളതിനെ സംബന്ധിച്ച് വലിയ തോതിൽ ഇനി വിശദീകരിക്കേണ്ടിവരുമെന്ന് ഞാൻ കരുതുന്നില്ല. ഇവിടെ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മലപ്പുറം ജില്ലയിൽ അങ്ങ് തന്നെ ഇനിഷ്യേറ്റ് ചെയ്ത ഒരു പ്രോഗ്രാമാണ് അക്ഷയ. ഇപ്പോൾ ഒരുപാട് മേഖലകളെ ടച്ച് ചെയ്യുന്ന ഒരു പദ്ധതിയാണ് അക്ഷയ. സപ്ളെ ഓഫീസുമായി ബന്ധപ്പെട്ട് റേഷൻ കാർഡ്, ആരോഗ്യ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ആർ.എസ്.ബി.വൈ., വിദ്യാഭ്യാസ ഇ-ഗ്രാന്റുകൾ, ഇ-ഡിസ്ട്രിക്ടുകൾ, ആധാർ, ഓൺലൈൻ രജിസ്ട്രേഷൻ, ആം ആത്മി ഭീമ യോജന പോലുള്ള ഇൻഷ്വറൻസുകൾ, വിവിധ യൂട്ടിലിറ്റി ബില്ലുകൾ, നികുതി രജിസ്ട്രേഷൻ, ജനനമരണ രജിസ്ട്രേഷൻ ഇങ്ങനെ അക്ഷയയുടെ സേവനത്തിന്റെ വ്യാപ്തി വലിയ തോതിൽ വ്യാപിച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിച്ച് ഇന്ന് അക്ഷയ കേരളം മുഴുവനുമുണ്ട്. ആ അക്ഷയയുടെ സംരംഭകർ ആകെ അഞ്ച് കമ്പ്യൂട്ടർ വച്ചുകൊണ്ട് സ്വയം സംരംഭകരായി കടന്നുവന്നവരാണ്. അക്ഷയയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതി അങ്ങയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പിൽ ആരംഭിക്കണമെന്ന് ഈ അവസരത്തിൽ വിനീതമായി അഭ്യർത്ഥിക്കുകയാണ്. നേഴ്സുമാരുടെ തൊഴിൽ മേഖലയിലെ

പ്രശ്നങ്ങൾ വലിയ തോതിൽ ചർച്ച ചെയ്ത് ബലരാമൻ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. നമ്മുടെ ഐ.ടി. മേഖലയിൽ വലിയ തോതിലുള്ള ചൂഷണങ്ങൾ നടക്കുന്നുണ്ട്. യാതൊരു തൊഴിൽ നിയമങ്ങളും നമ്മുടെ ഐ. ടി. മേഖലയിൽ പാലിക്കപ്പെടുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. രാവിലെ 9 മണിക്ക് കയറിയാൽ രാത്രി 9 മണിവരെയും ചില സമയത്ത് രാത്രി 12 മണി വരെയും ജോലി ചെയ്യണം. ആൺകുട്ടികൾക്ക് മാത്രമല്ല പെൺകുട്ടികൾക്ക് പോലും 12 മണിവരെയും 1 മണിവരെയും 2 മണി വരെയും അവിടെ ജോലി ചെയ്യേണ്ട സാഹചര്യമുണ്ട്. ശനിയും ഞായറുമൊന്നും അവധിയില്ല. ഒരുതരം അടിമപ്പണിയാണ് ഈ ഐ.ടി. രംഗത്തെ പല സ്ഥാപനങ്ങളിലും നമ്മുടെ ടെക്നോപാർക്കിൽ അടക്കം നടത്തുന്നത് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് തൊഴിൽ നിയമങ്ങൾ ഐ.ടി. മേഖലയിലേയ്ക്കും കൊണ്ടുവരാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ റൂറൽ ടെക്നോപാർക്കുകൾ, ഐ.ടി. വില്ലേജുകൾ തുടങ്ങിയവ വ്യവസായ നയത്തിന്റെ ഭാഗമായിട്ട് അങ്ങ് പ്രഖ്യാപിച്ചതാണ്. എന്റെ നിയോജക മണ്ഡലമായ ചെങ്ങന്നൂരിൽ ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാൻ എം.എൽ.എ. എന്ന നിലയിൽ തയ്യാറാണ്. ഒരു റൂറൽ ഐ.ടി. പാർക്ക് എന്റെ നിയോജക മണ്ഡലമായ ചെങ്ങന്നൂരിൽ അനുവദിക്കണം. ചെങ്ങന്നൂർ ഏറ്റവുമധികം വിദേശ നിക്ഷേപകരുള്ള, ലോകത്തെ ഏത് രാജ്യത്തുനിന്നും നിക്ഷേപം നടത്താൻ സർക്കാരുകൾ സന്നദ്ധമായിട്ടുള്ള പൊട്ടൻഷ്യലു

ളള ഒരു സ്ഥലമാണ്. അങ്ങയുടെ മറുപടി പ്രസംഗത്തിൽ അത്തരം ഒരു പരാമർശം നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ ഈ വ്യവസായ അന്തരീക്ഷത്തിന്റെ വലിയ തോതിലുളള സാഹചര്യമെന്താണ്? ജിമ്മിനെ തകർത്തത് മറ്റ് ചില കളളപ്രചരണങ്ങളിൽ കൂടിയായിരുന്നു. കളള സമരങ്ങളിൽ കൂടിയായിരുന്നു. ഇവിടെ എല്ലാവരും ചേർന്ന് നേരിനെ കൊല്ലുകയാണെന്ന് സി.പി.എം. തന്നെ പറയുകയാണ്. നേരിനെ ആരാണ് കൊല്ലുന്നത്? ഇവിടെ ആരാണ് നുണ പറഞ്ഞത്? ഇന്നിത് പറയുന്നതിന് പ്രസക്തിയുണ്ട്. കാരണം ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിന്റെ ആക്ഷനിൽ നേരിട്ട് പങ്കെടുത്ത എല്ലാവരും അറസ്റ്റിലായി. ഷിനോജും രജികാന്തും കൂടി അറസ്റ്റിലായപ്പോൾ എല്ലാവരും അറസ്റ്റിലായി. ഇവിടെ വലതുപക്ഷ മാധ്യമങ്ങൾ, നിയോ ലിബറൽ താല്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ആഗോള മാധ്യമങ്ങൾ എന്നൊക്കെ പറഞ്ഞ് നിങ്ങൾ പ്രചരിപ്പിക്കുന്നവരെയൊക്കെ അങ്ങ് മാറ്റി വയ്ക്കാം. ഇടതുപക്ഷ മാധ്യമങ്ങളുണ്ടല്ലോ? കൈരളി, പീപ്പിൾ, ദേശാഭിമാനി, ചിന്ത, ദേശാഭിമാനി വാരിക തുടങ്ങിയവയൊക്കെയുണ്ട്. ജനയുഗമുണ്ട്. അവർ സാധുക്കളാണ്. നിങ്ങൾക്ക് കുറേ മാധ്യമങ്ങളുണ്ടല്ലോ? ആ മാധ്യമങ്ങൾ എന്താണ് പറഞ്ഞത്? നിങ്ങൾ പറഞ്ഞിടത്ത് ഉറച്ചു നിൽക്കുന്നുണ്ടോ? ആദ്യം കൈരളിയും പീപ്പിളും പറഞ്ഞത് എൻ.ഡി.എഫ്. ആണെന്നല്ലേ? നിങ്ങൾ എൻ.ഡി.എഫ്. ആണെന്ന് ഇപ്പോൾ സമ്മതിക്കുന്നുണ്ടോ? പിന്നെ നിങ്ങൾ പറഞ്ഞത് ശ്രീ. പി.സി.

ജോർജ് ആണെന്നല്ലേ? ശ്രീ. പി. സി. ജോർജ്ജിനെയോ അദ്ദേഹത്തിന്റെ ആളുകളെയോ പോലീസ് അറസ്റ്റ് ചെയ്തോ? പിന്നെ പറഞ്ഞു ബോംബയിലെ വ്യവസായിയാണ് ഇതിന്റെ പിന്നിലെന്ന്. ശ്രീ. സി.എച്ച്. അശോകന്റെ ജാമ്യാപേക്ഷയ്ക്ക് ഹൈക്കോടതിയിൽ കൊടുത്ത രേഖയിലാണ് ബോംബയിലെ വ്യവസായിക്ക് ടി. പി. ചന്ദ്രശേഖരനോടുള്ള വിരോധമാണെന്നുള്ളത്. ഇടതുപക്ഷ മാധ്യമങ്ങൾക്ക് ഇതിൽ ഏതെങ്കിലും തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? എൻ.ഡി.എഫ്. ആണെന്ന് തെളിയിച്ചോ? ശ്രീ. പി.സി. ജോർജ്ജ് ആണെന്ന് തെളിയിച്ചോ? ബോംബയിലെ വിവാദ വ്യവസായി ആണെന്ന് തെളിയിച്ചോ? ബഹുമാന്യനായ എളമരം കരീം ഇനി പ്രസംഗിക്കാനിരിക്കുകയാണല്ലോ? പാർട്ടിയെ രക്ഷിക്കാൻ വേണ്ടി പാർട്ടിക്കാരുടെ മുമ്പിൽ ദൈവമായി അവതരിച്ച ആളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ വിശ്വാസ്യതയ്ക്കുണ്ടായ ക്ഷീണം അടുത്തകാലത്തൊന്നും തീർക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. നിങ്ങൾക്ക് ഒരു അന്വേഷണ സംഘമുണ്ടെന്ന് പത്രസമ്മേളനത്തിൽ കൂടി ശ്രീ. പ്രകാശ് കാരാട്ട് പ്രഖ്യാപിച്ചു. അത് ഞങ്ങളൊക്കെ കേട്ടതാണ്. നിങ്ങളുടെ പ്രത്യേക അന്വേഷണ സംഘത്തിന്റെ തലവൻ ആരാണ്? അതിന്റെ ഐ.ജി. ആരാണ്? അതിന്റെ റൂറൽ എസ്.പി. ആരാണ്? അതിന്റെ ഡിവൈ.എസ്.പി. ആരാണ്? അതിന്റെ സി.ഐ. ആരാണ്? ജനാധിപത്യത്തിൽ പ്രവർത്തിക്കുന്ന പാർട്ടിക്ക് ഇതൊക്കെ ആളുകളോട് പറയണ്ടേ? ഞങ്ങൾ മനസ്സിലാക്കിയത് സി.പി.ഐ(എം)-.ന്റെ പ്രത്യേക

അന്വേഷണ സംഘത്തിന്റെ അന്വേഷണം വഴിമുട്ടി എന്നാണ്. എന്താണ് കാര്യം? അന്വേഷണ സംഘത്തിലെ രണ്ട് ഡി.വൈ.എസ്.പി.-മാർ തന്നെ ഇപ്പോൾ അകത്താണ്. അന്വേഷണ സംഘത്തിലെ റൂറൽ എസ്.പി.-യും അകത്തായിട്ടുണ്ട്. ഇനി അതിനപ്പുറത്തുള്ളവരെക്കുറിച്ച് പറഞ്ഞ് ഒരു ബഹളമുണ്ടാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പോലീസ് ശരിയായ ദിശ യിൽ അന്വേഷിച്ച് ആളുകളെ കണ്ടെത്തട്ടെ. പക്ഷേ നിങ്ങൾ എന്താണ് ചെയ്യുന്നത്? മാധ്യമങ്ങളെ ഭീഷണിപ്പെടുത്തുകയാണ്. ഇന്നത്തെ മാതൃ ഭൂമിയിൽ ഷാജഹാൻ കാളിയത്ത് എന്ന ഒരു മാധ്യമ പ്രവർത്തകൻ 'ഞാൻ വായിൽ എല്ല് സൂക്ഷിക്കുന്നില്ല' എന്നൊരു ലേഖനം എഴുതിയിട്ടു ണ്ട്. അദ്ദേഹത്തെക്കുറിച്ച് നിങ്ങൾ ദേശാഭിമാനിയിൽ ഒരു പത്രപ്രവർത്ത കൻ തീവ്രവാദിയാണെന്ന് ലേഖനം എഴുതി. ഞാൻ ആ ലേഖനം വായി ച്ചിട്ട് അദ്ദേഹത്തെ വിളിച്ചു. നിങ്ങളെക്കുറിച്ച് തീവ്രവാദിയാണെന്നാ ണല്ലോ ദേശാഭിമാനിയിൽ എഴുതിയിരിക്കുന്നതെന്ന് ചോദിച്ചു. ആയിരു ന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ഒരു ഏഴ് വർഷം തീവ്രവാദിയാ യിരുന്നു. ഞാൻ പ്രവർത്തിച്ചിരുന്ന തീവ്രവാദ സംഘടനയുടെ പേര് എസ്.എഫ്.ഐ. എന്നാണ്. ആ സംഘടനയിൽ ഞാൻ പ്രവർത്തിച്ചിരു ന്നു. അത് തീവ്രവാദ പ്രസ്ഥാനമായിരുന്നുവെങ്കിൽ ഞാൻ തീവ്രവാദിയാ ണെന്ന് ശ്രീ. ഷാജഹാൻ കാളിയത്ത് പറഞ്ഞു. ശ്രീ. ഷാജഹാൻ കാളി യത്തിനെതിരെ നിങ്ങൾ ഇപ്പോൾ മാത്രമല്ലല്ലോ പറയുന്നത്. ശ്രീ. എളമരം കരീം തന്നെ പറഞ്ഞ ഒരു പരാമർശമുണ്ട്. ആവർത്തിച്ചാൽ അദ്ദേഹ

ത്തിന് വേദനയുണ്ടാകും അദ്ദേഹം പിന്നീട് അത് പിൻവലിച്ചതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. പക്ഷേ നിങ്ങളുടെ നേതാവ് ശ്രീ. പി. ജയരാജൻ പോർക്കളം പരിപാടിക്ക് പോയി ആ പരിപാടി ഒരു പോർക്കളമാക്കി മാറ്റി. പരസ്യമായി ഒരു മാധ്യമപ്രവർത്തകനെ തല്ലിയില്ലേ? ആദ്യമായിട്ടല്ലല്ലോ? ഇപ്പോൾ നിങ്ങൾ ശ്രീ.ഷാജഹാൻ കാളിയത്ത് തീവ്രവാദിയാണെന്ന് പറഞ്ഞുകൊണ്ട്  മാധ്യമങ്ങളെ ഭീഷണിപ്പെടുത്തുകയാണ്. ജെ.എൻ.യു.-വിലെ യൂണിറ്റ് പിരിച്ചുവിട്ടത് എന്തിന്റെ പേരിലാണ്? ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകത്തിൽ നിങ്ങളെ നിഷേധിച്ചുകൊണ്ട് അവർ പ്രമേയം പാസ്സാക്കുമ്പോൾ ജെ.എൻ.യു.-വിലെ യൂണിറ്റ് പിരിച്ചുവിട്ടത് കേരളത്തിലെ മാധ്യമങ്ങളാണോ? എറണാകുളത്തെ നിങ്ങളുടെ ഓഫീസിൽ ഒളിക്ക്യാമറ വച്ചത് കേരളത്തിലെ മാധ്യമങ്ങളാണോ? ശ്രീ. പി. ശശിക്കെതിരെ പരാതി കൊടുത്തത് കേരളത്തിലെ മാധ്യമങ്ങളാണോ? മണക്കാട് മണിയുടെ മുമ്പിൽ മൈക്ക് വച്ചുകൊടുത്തത് കേരളത്തിലെ മാധ്യമങ്ങളാണോ? നിങ്ങൾ അനുഭവിക്കുന്ന ജീർണ്ണത, കേരളത്തിലെ പൊതുസമൂഹത്തിന്റെ മുമ്പിൽ നിങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെട്ടു. മാധ്യമങ്ങളിൽ സംവേദനശേഷി നഷ്ടപ്പെട്ടു. നിങ്ങൾക്കുവേണ്ടി വാദിക്കാൻ വരുന്ന പഴയ ചില നക്സലേറ്റുകൾ സി.പി.ഐ(എം).-കാർ അല്ലല്ലോ?  നിങ്ങൾക്കുവേണ്ടി വാദിക്കാൻ വരുന്ന നിഷ്പക്ഷന്മാർ ആരാണ്?  പഴയ ചില നക്സലേറ്റുകളാണ് നിങ്ങൾക്കുവേണ്ടി വാദിക്കാൻ ടി.വി-യിൽ വരുന്നത്.  അവർക്ക് കേരളത്തിലെ ജനങ്ങളെ വിശ്വ

സിപ്പിക്കാൻ കഴിയുന്നില്ല എന്നുള്ള യാഥാർത്ഥ്യം നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. നിങ്ങൾ എവിടേയ്ക്കാണ് പോകുന്നത്? ഞാൻ കഴിഞ്ഞ ദിവസം ഇടുക്കിയിൽ പോയി. ഇടുക്കിയിൽ ഞങ്ങൾ ഒരു മാനവിക യാത്ര നടത്തി. മുട്ടുകാട് നാണപ്പനേയും ˇ, ഉള്ളൻചിറ മത്തായിയേയും അഞ്ചേരി ബേബിയേയും വെടിവച്ച് കൊന്ന സ്ഥലത്ത് ഞങ്ങൾ പോയി. നിങ്ങളുടെ പാർട്ടിയിൽ പ്രവർത്തിച്ച് ജെ.എസ്.എസ്. -ലേയ്ക്ക് പോയി അവിടെ ഒരു പോസ്റ്റർ പതിച്ചപ്പോഴാണ് വല്ലച്ചിറ കുട്ടച്ചൻ എന്ന ജെ.എസ്.എസ് നേതാവിനെ കൊന്നത്. അവിടെ ഒരുപാട് ആളുകൾ, മുട്ടുകാട് നാണപ്പനോടൊപ്പം പ്രവർത്തിച്ച ആളുകൾ, അഞ്ചേരി ബേബിയെ ആശുപത്രിയിൽ കൊണ്ടുപോയ ആളുകൾ, നിങ്ങൾ നടത്തിയ അരുംകൊലകളുടെ കഥകൾ നേരിട്ട് ഞങ്ങളോട് പറഞ്ഞു. നിങ്ങൾ ആവശ്യപ്പെടാത്ത ഒരു കാര്യം ഞങ്ങൾ ആവശ്യപ്പെടുകയാണ്. ഫസലിന്റെ കൊലപാതകത്തിനുശേഷം മൂന്ന് സി.പി.ഐ(എം.) കാർ തലശ്ശേരിയിൽ കൊല്ലപ്പെട്ടു. നിങ്ങൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടില്ല ഞങ്ങൾ ആവശ്യപ്പെടുന്നു. സഖാവ് ഫസൽ മറ്റൊരു പാർട്ടി മാറിയപ്പോൾ കൊല്ലപ്പെട്ടു. ഇന്നലെ ഫസലിന്റെ സുഹൃത്തായ സലീമിന്റെ പിതാവ് പറഞ്ഞു, എന്റെ മകനെ സി.പി.എം. കൊന്നതാണ്. ജിജേഷിനെ കൊന്നതാണ്, റെയ്സിനെ കൊന്നതാണ്, ജയകൃഷ്ണൻ മാസ്റ്റർ കേസ്സിൽ ആത്മഹത്യ ചെയ്തെന്നു പറയുന്ന സജീവന്റെ അമ്മ പറയുന്നു, എന്റെ മകനെ കൊന്നതാണ്. ഈ കൊലപാതക പരമ്പരകൾ

ഓരോന്നോരോന്നായി പുറത്തു വരികയാണ്. നിങ്ങൾക്ക് ആവശ്യപ്പെടാൻ കഴിയുന്നില്ല. മൂന്ന് സി.പി.എം.കാർ കൊല്ലപ്പെട്ടിട്ടും നിങ്ങൾക്ക് സി. ബി.ഐ. അന്വേഷണം ആവശ്യമില്ല. ഫസലിന്റെ കൊലപാതകം അന്വേഷിക്കുന്ന പ്രത്യേക സി.ബി.ഐ. സംഘം റെയ്സിന്റെയും സലീമിന്റെയും ജിജേഷിന്റേയും കൊലപാതകം ആരാണ് നടത്തിയതെന്നത് സംബന്ധിച്ച് അന്വേഷിച്ച് യഥാർത്ഥ പ്രതികളെ പുറത്തുകൊണ്ടുവരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ മാധ്യമങ്ങളെയും പ്രവർത്തകരെയും ഭയപ്പെടുത്തിക്കൊണ്ട് സത്യത്തിൽനിന്നും എത്രകാലം നിങ്ങൾക്ക് മാറിനിൽക്കാൻ കഴിയുമെന്നതിനെപ്പറ്റി നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ശ്രീ. ഷാജഹാന്റെ ലേഖനത്തിൽ അവസാനം പറയുന്നു, 'വായിൽ എല്ല് സൂക്ഷിക്കുന്ന പട്ടിക്ക് കുരയ്ക്കാനാകില്ല. അടിയന്തരാവസ്ഥ ഭൂതകാലമല്ല, ഇച്ഛിക്കാത്തത് പറയുന്നത് വിരട്ടാനും സെൻസർ ചെയ്യാനും നിശബ്ദരാക്കാനും പിന്നെ വകവരുത്താനുമുള്ള ആയുധം. ആ ആയുധം കയ്യിലിരിക്കട്ടെ. നിങ്ങളുടെ വായിലെ എല്ലും അവിടെയിരിക്കട്ടെ. തെരുവിലൊരാൾ വെട്ടി മുറിക്കപ്പെട്ടു എന്ന് പറയാനുള്ള സ്വാതന്ത്ര്യം വേണം. ചോര ചിന്തിയത് കാണുമ്പോഴെങ്കിലും ഉദാരമായ നിഷ്പക്ഷത നടിക്കാതിരിക്കാനാകണം. ഇര ആരെന്നും വേട്ടക്കാരൻ ആരെന്നും തിരിച്ചറിയാനുള്ള ഔചിത്യം വേണം. പ്രതിക്കുവേണ്ടി മിടിക്കാത്ത ചങ്ക് വേണം. ഭയപ്പെടുത്തുന്നവന്റെ മുഖത്തുനോക്കി നട്ടെല്ല് നിവർത്തിപ്പിടിച്ച് നിനക്കുവേ

ണ്ടിയല്ല എന്റെ ഹൃദയം മിടിക്കുന്നതെന്ന് പറയാൻ എനിക്ക് മടിയില്ല'.

ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. എളമരം കരീം : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. വ്യവസായ മേഖല രാജ്യത്താകെ മാന്ദ്യത്തിലേയ്ക്ക് പോകുകയാണ്. കേരളത്തിന്റെയും സ്ഥിതി വ്യത്യസ്തമാകാൻ ഇടയില്ല. വ്യവസായ വളർച്ചയ്ക്കായുള്ള കേന്ദ്ര നിക്ഷേപം ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളി ലൊന്നാണ് കേരളം. നമ്മുടെ സംസ്ഥാനം ഇപ്പോഴും 17-ാം സ്ഥാന ത്താണ്. ഒന്നാം സ്ഥാനത്ത് മഹാരാഷ്ട്രയാണ്. വ്യവസായ വളർച്ചയുടെ നേട്ടങ്ങൾ കൈവരിക്കാനുള്ള അവസ്ഥ വരണമെങ്കിൽ വ്യവസായങ്ങ ളോടും വ്യവസായ വളർച്ചയോടുമുള്ള നമ്മുടെ സമീപനത്തിൽ കാത ലായ മാറ്റങ്ങൾ വരണം. വ്യവസായങ്ങളുടെ ചർച്ചകളിൽപ്പോലും വ്യവ സായ വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള സമീപനം ഭരണകക്ഷി പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെ ന്നതാണ് അവരുടെ ചർച്ചകളിൽനിന്ന് വ്യക്തമാകുന്നത്. എൽ.ഡി.എഫ്. -ന്റെ കഴിഞ്ഞ ഭരണ കാലത്ത് പൊതുമേഖലാ വ്യവസായം കൈവരിച്ച നേട്ടങ്ങൾ രാജ്യം മുഴുവൻ പ്രകീർത്തിച്ചതാണ്. ചെറുകിട വ്യവസായ മേഖലയ്ക്ക് അന്ന് നല്ല പ്രാമുഖ്യം നൽകിയിരുന്നു. ചെറുകിട വ്യവസാ യങ്ങളുടെ രജിസ്ട്രേഷനിൽ എം.എസ്.എം.ഐ. (മൈക്രോ, സ്മോൾ, മീഡിയം ഇൻഡസ്ട്രീസ്) സെക്ടറിലും പുതിയ യൂണിറ്റുകളുടെ രജി സ്ട്രേഷനിലും കേരളം റിക്കാർഡ് സൃഷ്ടിച്ചിരുന്നു. ചെറുകിട വ്യവസാ യങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും മുഖാ മുഖ പരിപാടികൾ സംഘടിപ്പിക്കുകയും മാർജിൻ മണി ഒ.ടി.എസ്, കെ.

എഫ്.സി. ലോൺ ഒ.ടി.എസ്. തുടങ്ങിയ നടപടികളിലൂടെ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രൈസ് പ്രിഫറൻസ് പുന:സ്ഥാപിച്ചു കൊണ്ട് കേരളത്തിലെ ഉത്പന്നങ്ങൾക്ക് വിപണനം കണ്ടെത്താനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ അത്തരത്തിലുള്ള പ്രോത്സാഹന നടപടി കളുടെ അഭാവമുണ്ട്. നിലവിലുള്ള യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന തിന് പകരം എമർജിംഗ് കേരളയുടെ ഭാഗമായി പുതുതായി വരുന്ന വർക്ക് പുതിയ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ നിലവിലുള്ള സ്ഥാപനങ്ങൾക്ക് ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് നഷ്ടപ്പെടുന്നു. നിലവി ലുള്ള സംരംഭകരെ, കേരളത്തിലെ എല്ലാ പ്രതികൂല സാഹചര്യ ങ്ങളിലും പിടിച്ചുനിന്നവരെ പ്രോത്സാഹിപ്പിക്കാനും അവരുടെ പ്രശ്ന ങ്ങൾ പരിഹരിക്കാനും സർക്കാർ ഫലപ്രദമായി നടപടി സ്വീകരിക്കുന്നി ല്ലെങ്കിൽ അവരുടെ കോൺഫിഡൻസ് നഷ്ടപ്പെടാൻ ഇടയുണ്ട്. വ്യവ സായികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെങ്കിൽ ആവശ്യ മായ പശ്ചാത്തല സൗകര്യങ്ങൾ വേണം, അതിൽ ഏറ്റവും പ്രധാനപ്പെ ട്ടത് ലാന്റ് ആണ്, വ്യവസായ പാർക്കുകൾ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിൻഫ്ര, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ പശ്ചാത്തല മേഖല വികസിപ്പിക്കുന്ന ഏജൻസികൾ അതിന് മുമ്പ് ഗവൺമെന്റ് അക്വയർ ചെയ്തെടുത്ത ഭൂമിയേക്കാൾ കൂടുതൽ അക്വയർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. പി.സി. വിഷ്ണുനാഥ് അതേക്കുറി ച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. ഞാൻ

അത് ഇത്ര ഏക്കർ എന്ന് കണക്ക് പറയുന്നില്ല. നിരവധി വ്യവസായ പാർക്കുകൾ അക്വയർ ചെയ്ത് ഭൂമി ഏറ്റെടുത്ത് വ്യവസായ സംരംഭ ങ്ങൾക്ക് നൽകാൻ സജ്ജമാക്കിയിട്ടുണ്ട്. പലതും അക്വിസിഷൻ നടപടി കളിലുണ്ട്. കിൻഫ്ര ആരംഭിച്ചതിനുശേഷം 2006 വരെ ഏറ്റെടുത്ത ഭൂമി യേക്കാൾ കൂടുതൽ അക്വിസിഷൻ നടപടികളാണ് 2006 മുതൽ അഞ്ചു വർഷക്കാലം സ്വീകരിക്കപ്പെട്ടത്. പബ്ലിക് സെക്ടർ കമ്പനികൾ ലാഭകര മാക്കിയെന്നത് കള്ളക്കണക്കുകളുടെ അടിസ്ഥാനത്തിലാണെന്ന് പറയു ന്നത് വളരെ ഖേദകരമാണ്. (ഇക്കോണമിക് റിവ്യൂ ഉയർത്തിക്കാണിച്ചു.) ഇത് 2012 മാർച്ച് മാസം കേരളാ പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ച ഇക്ക ണോമിക് റിവ്യുവിൽ വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള അദ്ധ്യായ മാണ്. ശ്രീ. ചന്ദ്രശേഖരൻ വൈസ് ചെയർമാനായ, മുഖ്യമന്ത്രി ചെയർമാനായ പ്ലാനിംഗ് ബോർഡ് കള്ള പ്രസ്താവനകൾ നടത്തുമെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല. അതിൽ പറയുന്നത് “PSU’s administered by Industries Department, Government of Kerala have registered excellent growth and commendable performance during 2007-2011.” ഒറ്റ വാചകമേ ഞാൻ വായിക്കുന്നുള്ളു. അതിന് കാരണമാക്കിയത് ഗവൺമെന്റിന്റെ കുറേ നടപടികളാണ്. എല്ലാം ഞാൻ വിശദീകരിക്കുന്നില്ല. ഓരോ വർഷ ത്തേയും കമ്പനികളുടെ ലാഭ/നഷ്ടം കണക്ക് തയ്യാറാക്കുന്നത് റിയാ ബാണ്. പിന്നീട് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വരും. മാർച്ച് മാസം അവസാനിച്ച് ഏപ്രിൽ മാസം പെട്ടെന്ന് തയ്യാറാക്കുന്ന കണക്കുകൾ ആ കമ്പനിയുടെ

ഓപ്പറേഷന്റെ ഒരു പൊതു അവസ്ഥ ഗവൺമെന്റിന് മുമ്പിൽ കൊണ്ടുവരും. അടുത്ത വർഷത്തെ പ്ലാനിംഗിനുവേണ്ടിയാണ് ഇത്. ഓഡിറ്റിലേയ്ക്ക് പോകുമ്പോൾ ഫിഗറുകളിൽ ചെറിയ മാറ്റങ്ങൾ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ വരും, അത് സ്വാഭാവികമാണ്. 2010-11 വർഷം കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ആദ്യത്തെ റിപ്പോർട്ട് പ്രകാരം 112 കോടി രൂപ ലാഭമുണ്ടാക്കിയിരുന്നു. ഓഡിറ്റിന് ശേഷം നെറ്റ് പ്രോഫിറ്റ് 62 കോടി രൂപയായിരുന്നു. ഇത് കള്ളക്കണക്കുകൊണ്ടല്ല. ഓഡിറ്റേഴ്സ് 50 കോടി രൂപ ഗ്രാറ്റുവിറ്റിക്ക് പ്രൊവിഷൻ കൊടുക്കണമെന്ന് പറഞ്ഞ് റിസർവ്വിൽ മാറ്റിവച്ചതാണ്. എക്സ്പെന്റീച്ചർ അല്ല അത്. ഇത്തരത്തിലുള്ള  ഫിഗറുകൾ അങ്ങോട്ടുമിങ്ങോട്ടും മാറ്റങ്ങൾ വരുന്നത് ഒരു തരത്തിലും കള്ളക്കണക്കിന്റെ അടിസ്ഥാനത്തിലല്ല. ശ്രീ. പി.സി. വിഷ്ണുനാഥിന് കമ്പനികളുടെ ഫിനാൻസ് അക്കൗണ്ടിനെക്കുറിച്ച് പരിമിതമായ അറിവേയുള്ളുവെന്നാണ് തോന്നുന്നത്. ഒരു സ്ഥാപനത്തിന്റെ ഭൂമിയോ വസ്തുക്കളോ വിറ്റ് കിട്ടുന്ന റവന്യു ഏത് അക്കൗണ്ടിലാണ് ചേർക്കുന്നത്? ലാഭമുണ്ടാക്കാൻവേണ്ടി വിറ്റതല്ല. ആലപ്പുഴ കോ-ഓപ്പറേറ്റീവ് മില്ലിന്റെ ഭൂമി ജപ്തി ചെയ്ത് പോകാതിരിക്കാൻ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് വർഷങ്ങൾക്ക് മുമ്പ് വാങ്ങിയ കടവും പലിശയും ഞങ്ങൾ രണ്ട് മന്ത്രിമാർ ഇരുന്ന് ഒ.ടി.എസ്.ആക്കി പലിശമാറ്റി മുതലിന് സ്ഥലം ജില്ലാ ബാങ്കിന് കൈമാറിയതാണ്. ആ തുക വന്നത് അതിന്റെ റവന്യു അക്കൗണ്ടിൽ ചേർക്കും. എക്സ്പെന്റീച്ചർ ആകുമ്പോൾ ചെല

വിലേയ്ക്ക് പോകും. ഇത് സ്വാഭാവികമായി വരുന്ന ഒരു കണക്ക് മാത്ര മാണ്. ഇവിടെ കണക്കുകൾ തയ്യാറാക്കിയപ്പോൾ അത് അങ്ങോട്ടുമി ങ്ങോട്ടുമൊക്കെ വരുന്നത് സ്വാഭാവികമാണ്. 2007-08-ൽ ഞങ്ങൾ ആദ്യം പ്രസിദ്ധീകരിച്ച കണക്കിൽ മൊത്തം ലാഭം 80 കോടി രൂപയായിരുന്നു. ഓഡിറ്റിന് ശേഷം അത് 83 കോടി രൂപയായി. 2009-10-ൽ 239 കോടി രൂപയായിരുന്നു ആകെ ലാഭം. ഓഡിറ്റിനുശേഷം അത് 266 കോടി രൂപ യായി. ഇത് അങ്ങോട്ടുമിങ്ങോട്ടുമൊക്കെ വരും. ഇതൊക്കെ പൊതുമേ ഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലം വളർന്നതിന്റെയും തകർച്ചയിൽനിന്ന് രക്ഷപ്പെട്ടതിന്റേയും ട്രെന്റിൽ മാറ്റം വരുന്നതിന്റെയും സൂചനകളാണ്. 2001-2006 കാലത്ത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങ ളുടെ സംരക്ഷണത്തെക്കുറിച്ച് ആവിഷ്കരിക്കപ്പെട്ട നയമല്ല ഞങ്ങൾ ആവിഷ്കരിച്ചത്. ആ നയത്തിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾ നില നിൽക്കുന്നതാണെന്ന ഒരു ബോധ്യം നമ്മുടെ നാടിന് ഉണ്ടാക്കിക്കൊടു ത്തു. ഇവിടെ വലിയ സ്വകാര്യ നിക്ഷേപമൊന്നും വന്നിട്ടില്ല. എമർജിംഗ് കേരളയല്ല, ഏത് നിക്ഷേപക സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഞങ്ങൾ എതിരല്ല. പക്ഷേ പ്രതീക്ഷിച്ചതുപോലെ വലിയ നിക്ഷേപം വരുമെന്ന വ്യാമോഹത്തിലേയ്ക്ക് പോകരുത്. ഇൻഡ്യയിൽനിന്ന് വിദേശ നിക്ഷേപം പുറത്തേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന കാലമാണ്. രാജ്യ ത്തിന്റെ സാമ്പത്തിക വളർച്ച താഴോട്ടാണ്. കഴിഞ്ഞ വർഷത്തെ ജി.ഡി.പി. ഗ്രോത്ത് ഏഴ് ശതമാനമാണ്. 8.9 ശതമാനം താഴേയ്ക്ക്

പോയി. രൂപയുടെ മൂല്യ ശോഷണം, വിദേശ നിക്ഷേപകരുടെ കോൺഫിഡൻസ് നഷ്ടപ്പെട്ടുവെന്ന് സാമ്പത്തിക വിദഗ്ദ്ധർ കണക്കാക്കുന്ന കാലമാണ്. വൻ തോതിൽ വിദേശ നിക്ഷേപം വെളിയിലേയ്ക്ക് പോകുകയാണ്. ഈ ഒരു പശ്ചാത്തലത്തിൽ വലിയതോതിൽ നിക്ഷേപം വരുമെന്ന് വ്യാമോഹിക്കുന്നതിൽ ഒരു അർത്ഥവുമില്ല. എന്നാലും നമ്മൾ ശ്രമിച്ചു നോക്കണം. ശ്രമിക്കേണ്ട എന്ന് ഞാൻ പറയുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട നിലയിൽ നടത്തിക്കൊണ്ട് ഇൻവെസ്റ്റ്മെന്റിന് അനുകൂലമായ ഒരു സാഹചര്യം കേരളത്തിലുണ്ടെന്ന ഒരു മെസേജ് കൊടുക്കുകയാണ് ഞങ്ങൾ ചെയ്തത്. അത് വളരെ തെറ്റായിപ്പോയി എന്ന വിചാരമുണ്ടെങ്കിൽ അവരോട് പരിതപിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. 2010-ൽ പൊതുമേഖലാ സ്ഥാപനങ്ങളുണ്ടാക്കിയ പ്രോഫിറ്റിൽനിന്ന് ഒരു തുക മാറ്റിവച്ചാണ് പുതിയ എട്ട് യൂണിറ്റുകളുണ്ടാക്കാൻ തീരുമാനിച്ചത്. സമീപകാല ചരിത്രത്തിൽ കേരളത്തിൽ പൊതുമേഖലയിൽ പുതിയ യൂണിറ്റുകൾ 2010-ൽ അല്ലാതെ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? നമുക്ക് പഴയ ചരിത്രത്തിലേ പറയാനുള്ളു. അത് പ്രവർത്തിപ്പിക്കാൻ പോലും ഒന്നേകാൽ വർഷമായിട്ട് ഈ ഗവൺമെന്റിന് സാധിച്ചില്ല. അതിന്റെ നിയമനത്തിന്റെ തർക്കവും നൂറായിരം പ്രശ്നങ്ങളുമുണ്ട്. അതിന് മുടക്കിയ പണം ഒന്നേകാൽ വർഷമായി മുടങ്ങിക്കിടക്കുകയല്ലേ? എന്ത് പ്രവർത്തിപ്പിക്കാൻ സാധിച്ചു? വളരെ എഫിഷ്യന്റായ ഏജൻസികളെയായിരുന്നു ഞങ്ങൾ അതിന്റെ

റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ഏൽപ്പിച്ചത്. കിറ്റ്കോ, എൻ.ഐ.പി.എം., പ്രോഡക്ടിവിറ്റി കൗൺസിൽ അതിനെ ആകെ മാറ്റി റിയാബിനെ ഏൽപ്പിച്ചു. റിയാബിന് എന്ത് കോമ്പീറ്റൻസിയാണ് ഇത്തരം ഒരു ചുമതല നിർവ്വഹിക്കാനുള്ളത്? അതുവഴി എന്താണ് നടക്കാൻ പോകുന്നത്? ഈ നിയമനങ്ങൾപോലും വിവാദത്തിലേയ്ക്ക് കൊണ്ടുപോകുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഗവൺമെന്റിന് നേരിട്ട് നിയന്ത്രിക്കാവുന്ന ഒരു ഏജൻസിയെ വച്ച് ഇങ്ങനെ നിയമനം നടത്തുന്ന രീതി എത്രമാത്രം ന്യായീകരിക്കപ്പെടും? എത്രയും വേഗം നിയമനങ്ങൾ പൂർത്തീകരിച്ച് സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന്റെ സ്ഥിതി എന്താണ്? വല്ല മോഡർനൈസേഷനും പ്ലാനുണ്ടോ? മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ 15 കോടി രൂപ മുടക്കി വീവിംഗ് മിൽ സ്ഥാപിക്കാൻ ഞങ്ങൾ പണം പ്രൊവൈഡ് ചെയ്തിരുന്നു. മാണിസാർ അത് വെട്ടിക്കുറച്ചു. കെ.എം.എം.എൽ.-ന്റെ വികസനത്തിന്റെ സ്ഥിതിയെന്താണ്? കേരളത്തിന്റെ അഭിമാനമാണ് കേരള മിനറൽസ് ആന്റ് മെറ്റൽസ്. അവിടെ പ്രൊഡക്ഷൻ കുറയുകയാണ്. ഒരു വർഷം 36000 ടൺ പ്രൊഡക്ഷൻ ഉണ്ടായിരുന്നിടത്ത് കഴിഞ്ഞ 2011-2012, 29,116 ആയി കുറഞ്ഞു. ഈ വർഷത്തെ നാലു മാസത്തെ പ്രൊഡക്ഷൻ 4646 ടൺ മാത്രമാണ്. ലാഭത്തിൽ വർദ്ധനവ് നിങ്ങൾ ചൂണ്ടിക്കാണിക്കുന്നത് കെ.എം.എം.എൽ.-ന്റെ പിഗ്മെന്റ് പ്രൊഡക്ഷന്റെ ഭാഗമായിട്ടല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്

സ്ഥാപിച്ച് എം.എസ്. പ്ലാന്റിലെ സിലിക്കോൺ സെപ്പറേഷൻ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെട്ട സിലിക്കോണിന് നല്ല വില കിട്ടിയതു കൊണ്ടുമാത്രമാണ്. ഇന്ന് ഇൽമനൈറ്റിന്റെ ദൗർലഭ്യവും മറ്റ് ഒട്ടനേകം പ്രശ്നങ്ങളും കേരളത്തിനഭിമാനമായ ഈ സ്ഥാപനത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന് ഗൗരവമായി ആലോചിക്കേണ്ടേ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പബ്ലിക് സെക്ടർ മേഖലയിൽ കേന്ദ്ര സ്ഥാപനങ്ങളുമായി ടൈ-അപ് ഉണ്ടാക്കിയതിനെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുമ്പേൾ വസ്തുതാപരമായി പറയേണ്ടേ? അതേ ശ്രീ. എ. കെ. ആന്റണി ഈ ഒന്നേകാൽ വർഷവും അവിടെ മന്ത്രിയായിരുന്നിട്ട് ഒരു പൈസയുടെ ഒരു യൂണിറ്റ് വന്നോ; അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് വന്നോ? ഇതിന് രണ്ടിനും തമ്മിൽ ഒരു ബന്ധമുണ്ട്. ഞാൻ പൂർണ്ണമായും അവകാശമൊന്നും ഉന്നയിക്കുന്നില്ല. അദ്ദേഹം കേരളത്തിൽ പുതിയ യൂണിറ്റ് നൽകാൻ കാണിച്ച താല്പര്യത്തെ ഞാൻ അങ്ങേയറ്റം വിലമതിക്കുന്ന ആളാണ്, അദ്ദേഹത്തോട് കൃതജ്ഞത പറഞ്ഞിട്ടുണ്ട്, ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഞങ്ങൾ വഹിച്ച പങ്കു കൂടി കൂട്ടിപ്പറയുന്നതിൽ ഇത്ര വലിയ രാഷ്ട്രീയ അന്ധത കാണിക്കേണ്ട കാര്യമുണ്ടോ? മാത്രമല്ല അന്ന് സ്ഥാപിക്കുമെന്ന് പറഞ്ഞ പല യൂണിറ്റുകളും പ്രാവർത്തികമാക്കാൻ സാധിച്ചോ? എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്നും പോയതിനുശേഷം 'നിർദ്ദേശ്' എന്ന സംരംഭത്തിന്റെ ഒരു പണിയും തുടങ്ങിയിട്ടില്ല. ജോയിന്റ് വെഞ്ചറുകൾ

പലതും തകരാറിലാണ്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഇക്കാര്യ ങ്ങളിൽ ശക്തമായി ഇടപെടാൻ വ്യവസായവകുപ്പുമന്ത്രി സന്നദ്ധമാവണ മെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ബെമൽ- ന്റെ വികസനത്തിന് ലാന്റ് ആവശ്യമാണ്, അതിവേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരി ക്കേണ്ടതുണ്ട്. അതുപോലെ കെ.എസ്.ഡി.പി.യുടെ മോഡേണൈസേ ഷൻ അത് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. സീതാറാം മിൽ വളരെ ചരിത്ര പാരമ്പര്യമുള്ള കമ്പനിയാണ്. അതിന്റെ മോഡേണൈസേഷ നുള്ള ഒരു പദ്ധതി ഞങ്ങൾ ആവിഷ്ക്കരിച്ചതാണ്. അതും ഉപേക്ഷിക്ക പ്പെട്ട രീതിയിലാണ്. ടെക്സ്റ്റൈൽ മേഖല വലിയ പ്രതിസന്ധിയിലാണ്. അത് കേരള ഗവൺമെന്റിന്റെ മാത്രം കുറ്റംകൊണ്ടാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, അത്തരം സന്ദർഭങ്ങളിൽ ഗവൺമെന്റിന്റെ ഇടപെ ടലുകൾ വേണം. ഇതൊരു സൈക്കിളാണ്, കുറച്ചു കഴിയുമ്പോൾ മെച്ച പ്പെടും. കഷ്ടകാലത്ത് അതിനെ സംരക്ഷിക്കാനുള്ള നടപടി ഗ വൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ചെറുകിട വ്യവസായങ്ങ ളെയും പരമ്പരാഗത മേഖലയെയും സഹായിക്കുന്നതിനാണ് നാം ഫെസ്റ്റുകൾ ആരംഭിച്ചത്. അതെല്ലാം താറുമാറായ മട്ടാണ്. എല്ലാ ഫെസ്റ്റുകളും എന്തിനാണ് നിർത്തിവയ്ക്കുന്നത്? ഇന്ത്യാ രാജ്യത്തിനു തന്നെ അഭിമാനം ഉണ്ടാക്കിയ കാര്യമാണ് കെ.എം.എം.എൽ.-ന്റെ ഭാഗ മായി ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടുകൂടി സ്പോഞ്ച് പ്ലാന്റ് ആരംഭിച്ചത്. സ്പോഞ്ച് ഉൽപ്പാദിപ്പിച്ചുകൊണ്ട് ലോകത്തിലെ

ഏഴാമത്തെ രാഷ്ട്രമായി ഭാരതം മാറിയത് കേരളത്തിലെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയ അശ്രാന്ത പരിശ്രമത്തിന്റെ ഫല മായിട്ടാണ്. ഇങ്ങനെയുള്ള നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കാൻ സാധിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സെന്റർ കേര ളത്തിൽ നേടിയെടുത്തത് കഴിഞ്ഞ ഗവൺമെന്റാണ്. 58 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടാണ് ആ സ്ഥാപനം കണ്ണൂരിൽ സ്ഥാപിക്കാൻ സാധിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻ ഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് മുൻകൈ എടുത്തിട്ടാണ് ഹൈ സ്പീഡ് റെയിൽ കോറിഡോർ പ്രോജക്ട് മുന്നോട്ടുവച്ചത്, ഇപ്പോഴത്തെ ഗവൺമെന്റ് അത് തുടരുന്നു. കൊച്ചിൻ-കോയമ്പത്തൂർ ഹൈടെക് കോറിഡോർ ഞങ്ങൾ മുന്നോട്ടുവച്ച പദ്ധതിയാണ്. ഇന്നത്തെ ഗവൺമെന്റ് അത് തുടരുന്നു എന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇസ്ലാമിക് ബാങ്കെന്ന കൺസൾട്ടന്റ് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന താണ്. ഇൻകെൽ - ഞങ്ങളുടെ ഗവൺമെന്റ് കൊണ്ടുവന്ന പ്രോജ ക്ടാണ്. എമർജിംഗ് കേരള എന്ന ആശയത്തോട് യോജിക്കുന്നില്ല. പക്ഷേ, പ്രതിപക്ഷപാർട്ടികളുമായി ഒരു കോൺസെൻസസ് വേണ്ടേ? ഇന്നുവരെ പ്രതിപക്ഷവുമായി കൂടിയാലോചിച്ചിട്ടില്ല, പ്രതിപക്ഷനേതാ വുമായിട്ടുപോലും ഒരു ആലോചന നടത്തിയിട്ടില്ല. എമർജിംഗ് കേരള യുടെ നേതൃത്വം ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിനാണ്. വികസനമെന്നു പറഞ്ഞാൽ ഇൻഡസ്ട്രീസിൽ മാത്രം പോര, അടിസ്ഥാന വികസനം

വേണം. വൈദ്യുതി വേണ്ടേ? വൈദ്യുതി വകുപ്പിൽ എന്താണ് നടക്കുന്നത്; പുതിയ പദ്ധതിയുണ്ടോ? റോഡ് വികസനം വേണ്ടേ; റോഡിന് സ്ഥലമെടുക്കേണ്ടേ? നിങ്ങളുടെ സഹകരണം കിനാലൂരിൽ ഞങ്ങൾ കണ്ടതാണ്. അതുപോലുള്ള സഹകരണം ഞങ്ങൾ തിരിച്ചും തന്നാൽ മതിയോ; ഇതുപോലുള്ള പദ്ധതികളിൽ പരസ്പരം കൂടിയാലോചന വേണ്ടേ? ഇൻഡസ്ട്രിക്ക് ലാന്റ് വേണ്ടേ; ഡിപ്പാർട്ടുമെന്റുകൾ തമ്മിലൊരു കോ-ഓർഡിനേഷൻ വേണ്ടേ? അപ്പോൾ എമർജിംഗ് കേരള എന്നു നിങ്ങൾ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഇതുപോലെ ഒരു ഡിപ്പാർട്ടുമെന്റ് മാത്രമായി നടത്തുന്ന പദ്ധതിയായിപ്പോയാൽ അതുകൊണ്ട് ഉദ്ദേശിച്ച ഫലം കാണുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ മാറ്റങ്ങളെല്ലാം ഉണ്ടായിക്കഴിഞ്ഞാൽ നമുക്ക് മുന്നോട്ടു പോകാൻ സാധിക്കും. അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുവാൻ തീരുമാനിച്ച രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിന്റെ കാര്യത്തിൽ ഒരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എളമരം കരീം : ബേപ്പൂർ മറൈൻ പാർക്ക്, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, ഒറ്റപ്പാലത്തെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, കൊടകര കേര പാർക്ക്, മട്ടന്നൂരിൽ വിമാനത്താവളത്തിനടുത്ത് ലാന്റ് അക്വയർ ചെയ്ത് തുടങ്ങാനാരംഭിച്ച ഇൻഡസ്ട്രിയൽ പാർക്ക് (ലാന്റ് അക്വിസിഷൻ കഴിഞ്ഞതാണ്), കുറ്റിപ്പുറത്ത് കെ.എസ്.ടി.സി.

യുടെ സ്ഥലം ഏറ്റെടുത്ത് കിൻഫ്ര വികസിപ്പിക്കാൻ തീരുമാനിച്ച ഇൻഡസ്ട്രിയൽ പാർക്ക്, പുനലൂർ പ്ലൈവുഡിന്റെ സ്ഥലം പാർക്ക് കിൻഫ്രയ്ക്ക് കൈമാറി അവിടെ പുതിയ സംരംഭങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ച് ലാന്റ്, കോഴിക്കോട് ഐ.ടി. മേഖലയിൽ വരേണ്ട സൈബർ പാർക്ക്, റൂറൽ അപ്പാരൽ പാർക്കുകൾ ഇതുപോലെ നിരവധിയെണ്ണം തുടങ്ങിയിടത്തുതന്നെ നിൽക്കുകയാണ്. ഇവിടെ ഭൂമിയില്ലാത്തതല്ല പ്രശ്നം, ഏത് സംരംഭം വന്നാലും ഇപ്പോൾ റെഡി അലോട്ട് ചെയ്യാനുള്ള ഭൂമി കേരളത്തിലുണ്ട്. സംരംഭങ്ങൾ വരിക എന്നതാണ് പ്രധാനം. മറ്റു കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. കൊലപാതകങ്ങളും കൊലപാതകത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളൊക്കെ പറയുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ഒരുപാട് പറയുവാൻ ഉണ്ടാകും. ഇപ്പോൾ അവസാനമായി ശ്രീ. പി. സി. വിഷ്ണുനാഥ് അത് പറഞ്ഞല്ലോ, അത് ഞാൻ കൂടുതൽ പറയുന്നില്ല. ഡൽഹിയിൽ മൂവായിരത്തോളം സിക്കുകാരുടെ കണ്ണുനീർ വീണത് സി.പി.ഐ(എം). കാരെ കൊണ്ടല്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. മുസ്ലീം ലീഗ് സുഹൃത്തുക്കളും ഞങ്ങളെക്കുറിച്ച് കൊലയാളികൾ എന്നൊക്കെ പറയുന്നുണ്ട് ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. പക്ഷേ, പ്രസംഗിക്കുമ്പോൾ സാധാരണ നിലയിൽ ഈ സഭയിൽ വളരെ സൗമ്യനായി സംസാരിക്കാറുള്ള ശ്രീ. റ്റി. എ. അഹ്മദ് കബീർ പോലും നിയന്ത്രണം വിട്ട നിലയിൽ, ഞങ്ങൾ ഇതിനൊക്കെ തിരിച്ചടിക്കുമെന്ന മട്ടിൽ നടത്തിയ ആ പ്രയോഗം കേട്ടപ്പോൾ

ഞങ്ങൾ ഭയപ്പെടുകയാണുണ്ടായത്. ആ 'ഞങ്ങൾ'ക്കുപകരം മറ്റൊരു ഞങ്ങൾ ഇവിടെ പ്രയോഗിക്കാനില്ലാത്തതുകൊണ്ട് ആശ്വസിക്കാം അവരെ ഇങ്ങോട്ട് എത്തിക്കുന്ന വിധത്തിലാകരുത് ഈ 'ഞങ്ങൾ' പ്രയോഗം. കേരളത്തിന്റെ സംസ്ക്കാരവും നാടിന്റെ സംസ്ക്കാരവും ഉൾക്കൊണ്ടുകൊണ്ട് മതനിരപേക്ഷതയിൽ അധിഷ്ഠിതമയ നിലപാടുമായി ലീഗ് പോകുന്നില്ലെങ്കിൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്ന് 'ഞങ്ങൾ' പ്രയോഗം കേട്ടപ്പോൾ സ്തബ്ധരായി നിന്ന കോൺഗ്രസ് സുഹൃത്തുക്കളുടെ മുഖത്തുനിന്നും ഞങ്ങൾ വായിച്ചെടുത്തിട്ടുണ്ട്. നിങ്ങൾ അത് ഉൾക്കൊള്ളാൻ ശ്രമിക്കണം. കേരളത്തിൽ സാമുദായികമായ സന്തുലനം തകർക്കുന്ന വിധത്തിലുള്ള അവകാശവാദങ്ങളുമായി ഒരിക്കലും പോകാൻ പാടില്ല. വിദ്യാഭ്യാസ മേഖലയിരെ കച്ചവടത്തെ എതിർക്കുമ്പോൾ അത് മുസ്ലീം സമുദായത്തെ എതിർക്കുന്നതാണെന്ന് എന്തിനാണ് വ്യാഖ്യാനിക്കുന്നത്? ഏറനാട് മുസ്ലീം എഡ്യൂക്കേഷൻ അസോസിയേഷൻ നേതൃത്വത്തിൽ നടത്തുന്ന കൊടിയത്തൂർ പി.ടി.എം. ഹൈസ്ക്കൂളിൽ സംവരണതത്വപ്രകാരമുള്ള മുസ്ലീം അദ്ധ്യാപകരില്ല, കാരാത്തോട് യു.പി. സ്ക്കൂളിലില്ല, പാണക്കാട് ഹയർ സെക്കൻഡറി സ്ക്കൂളിലില്ല. അവിടെയൊക്കെ കൂടുതൽ പണം കൊടുക്കുന്നവർക്കാണ് ജോലി കൊടുക്കുന്നത്. എംപ്ലോയ്മെന്റ് സംവരണതത്വംപോലും പാലിക്കുന്നില്ല. ഈ കച്ചവടം ചൂണ്ടിക്കാണിക്കുമ്പോൾ മഹാനായ സീതിസാഹിബ് മെമ്മോറിയൽ പോളിടെക്നി

ക്കിൽ പോലും വിദ്യാർത്ഥി പ്രവേശനത്തിന് കാശ് എണ്ണിവാങ്ങുന്നത് പറയുമ്പോൾ അതെന്തിന് മുസ്ലീങ്ങൾക്കെതിരായ വിമർശനമായി നിങ്ങൾ കാണുന്നു? കച്ചവടത്തെയാണ് വിമർശിക്കുന്നത്? ഇവിടെ ന്യൂനപക്ഷത്തിന്റേതായ മറ്റ് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ട്; നിങ്ങൾ വല്ലതും ഉയർത്തുന്നുണ്ടോ? രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ട് കോൺഗ്രസ് നടപ്പാക്കുന്നില്ല, സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നില്ല, എന്തുകൊണ്ടാണ് നിങ്ങൾ ശബ്ദിക്കാത്തത്? ഇന്ത്യാരാജ്യത്ത് ഒരു ലക്ഷത്തോളം മുസ്ലീം യുവാക്കൾ വിചാരണത്തടവുകാരായി ഇന്ത്യയിലെ വിവിധ തടവറകളിലാണ്. ബോംബേ, ഡൽഹി നഗരങ്ങളിൽ മുസ്ലീങ്ങൾക്ക് ഫ്ളാറ്റുകളും വീടുകളും വാടകയ്ക്ക് കൊടുക്കുന്നില്ല - 'ദി ഹിന്ദു' പത്രത്തിന്റെ സ്റ്റഡി റിപ്പോർട്ട് വന്നിരിക്കുകയാണ്. ഈ രാജ്യത്ത് ഇതുപോലുള്ള സ്ഥിതി വരുമ്പോൾ മതനിരപേക്ഷതയുടെ തലത്തിൽ നിന്നുകൊണ്ട് ഈ പ്രശ്നം ഉയർത്താൻ നിങ്ങൾക്ക് എന്തുകൊണ്ട് കഴിയുന്നില്ല? ഞങ്ങളുടെ എം.എൽ.എ. മാരായ ഡോ. കെ.ടി ജലീലിനെയും ശ്രീ. പി.റ്റി.എ. റഹീമിനെയും എച്ചിൽ തിന്നുന്നവർ എന്ന് അവിടെയുള്ള ബഹുമാന്യനായ ഒരംഗം സൂചിപ്പിച്ചു. എന്നിട്ട് ആ എച്ചിൽ കൈ ഞങ്ങളുടെ ദേഹത്തേക്ക് തെറിപ്പിക്കരുതെന്ന് പറഞ്ഞു. അത്തരം പദപ്രയോഗങ്ങൾ വേണമായിരുന്നോ? പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ, ബാബ്റി മസ്ജിദ് പൂർണ്ണമായി പൊളിച്ചുതീരുന്നതുവരെ അദ്ദേഹം പൂജമുറിയിലായിരുന്നു. അങ്ങനെ

യുള്ള പി.വി. നരസംഹറാവുവിന്റെ കോൺഗ്രസ്സിന്റെ അടുക്കളയിൽ സ്ഥിരമായി കഴിഞ്ഞുകൂടുന്നവർക്ക് മറ്റുള്ളവരുടെ എച്ചിലിനെക്കുറിച്ച് പറയാൻ എന്തവകാശമാണുള്ളത്? അതുകൊണ്ട് ഈ രീതിയിലേയ്ക്ക് പോകരുത്. ടി. പി. ചന്ദ്രശേഖരൻ കൊലപാതകത്തിൽ സി.പി.ഐ(എം). -ന്റെ നിലപാട് ഞങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക് അതിൽ പങ്കില്ല. ഏതെങ്കിലും വിധത്തിൽ ഞങ്ങളുടെ പ്രഖ്യാപിത നയത്തിന് വിപരീതമായി ആർക്കെങ്കിലും പങ്കുണ്ടെന്ന് തെളിഞ്ഞാൽ കർശനമായ നടപടി സ്വീകരിക്കും, ഇത് പാർട്ടിയുടെ നിലപാടാണ്. .......(ബഹളം)...... നിങ്ങളിപ്പോൾ പ്രതികളെ സൃഷ്ടിക്കുന്നത് ബോധപൂർവ്വമാണ്. നിങ്ങൾ ഇവിടെ ഒരു മഹാനായ ഷാജഹാന്റെ കഥ പറഞ്ഞല്ലോ? ഒഞ്ചിയത്തെ റെവല്യൂഷണറി സംഘത്തിന്റെ സജീവ പ്രവർത്തകനാണ് ഏഷ്യാനെ റ്റിന്റെ ലേഖകനായ ഈ ഷാജഹാൻ. അദ്ദേഹത്തിന്റെ രാഷ്ട്രീയ വീക്ഷ ണത്തോടെയുള്ള റിപ്പോർട്ടിംഗ് ആണ് നടക്കുന്നത്, ഇക്കാര്യം അദ്ദേഹ ത്തിന്റെ മുഖത്തുനോക്കി ഞാൻ പറഞ്ഞതാണ്. അത്തരക്കാരെ സാക്ഷി കളാക്കി അവതരിപ്പിക്കേണ്ട ഗതികേടിലാണ് നിങ്ങൾ. അവിടെ പോലി സുദ്യോഗസ്ഥന്മാരും മാധ്യമപ്രവർത്തകരും തമ്മിൽ ബന്ധപ്പെട്ടുകൊ ണ്ടാണ് വാർത്ത വരുന്നത്. ടെലിഫോൺ ചെയ്തത് സംബന്ധിച്ച് റിപ്പോർട്ട് വന്നില്ലേ; നിഷേധിക്കാൻ സാധിച്ചോ? വടകരയിലെ പോലീ സുദ്യോഗസ്ഥന്മാർ മണിക്കൂറോളം സംസാരിക്കുന്നു, മാധ്യമങ്ങൾക്ക് വാർത്ത ചോർത്തിക്കൊടുക്കുന്നു, ആ തിരക്കഥ പത്രങ്ങളിൽ വരുന്നു.

നിങ്ങൾ സി.പി.ഐ.(എം).-ന്റെ ഉത്തരവാദപ്പെട്ട നേതാക്കന്മാരുടെ ടെലിഫോൺ ടാപ്പ് ചെയ്യുന്നു. ആഭ്യന്തരവകുപ്പറിയാതെ എം.എൽ.എ. മാരുൾപ്പെടെയുള്ളവരുടെ ടെലിഫോൺ ടാപ്പ് ചെയ്യാനുള്ള അനുമതി കൊടുക്കാൻ സാധിക്കുമോ? എന്റെ ടെലിഫോൺ ടാപ്പ് ചെയ്തു, ഇതിന് നിങ്ങൾ മറുപടി പറയണം. നിങ്ങൾ സി.പി.ഐ.(എം.)-ന്റെ ഉന്നത നേതാക്കളെ ......

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ( ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ആയതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. ഈ കേസുമായി നിങ്ങൾക്ക് ഒരു ബന്ധവുമില്ല എന്നാണ് നിങ്ങൾ പറയുന്നത്. ഈ സഭ കേട്ടതാണ്. എങ്കിൽപ്പിന്നെ ഈ കേസുമായി ബന്ധപ്പെട്ട് പ്രതികളായി വന്ന എൽ.ഡി.എഫ്-ലെ ആളുകൾക്കെതിരെ എന്തെങ്കിലും ഒരു നടപടി നിങ്ങളുടെ പാർട്ടിതലത്തിൽ നടന്നിട്ടുണ്ടോ? കേൾക്കൂ, രണ്ടാമത്തെ ചോദ്യം - അന്വേഷണം നടത്തുന്നതിനെതിരായിട്ട് നിങ്ങൾ എന്തിനാണ് പ്രകടനം നടത്തുന്നത്; ആ അന്വേഷണത്തെ സഹായിച്ചാൽപോരേ? അതാണ് അതിന്റെ അഭ്യാസം .....(ബഹളം).......

ശ്രീ. ഇ. പി. ജയരാജൻ:.............(മൈക്ക് ഓഫ്)..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. ഇ. പി. ജയരാജൻ, നമ്മൾ തമ്മിൽ തർക്കിക്കേണ്ട. കേൾക്കൂ, ഈ അന്വേഷണം നടത്തുന്നതിനെ തടസ്സപ്പെടുത്താൻ നിങ്ങൾ പിക്കറ്റിംഗ് നടത്തുന്നു, നിങ്ങൾ ധർണ്ണ നടത്തുന്നു, നിങ്ങൾ ഭീഷണിപ്പെടുത്തുന്നു...... പങ്കാളിത്തമില്ലായെന്ന് പറ

യുന്നു. എന്തിനാണ് ഇതൊക്കെ? ഞാൻ ചോദിക്കട്ടെ, അവിടെ ഒരു കൊലപാതകം നടന്നു എന്നുള്ളത് സത്യമല്ലേ; ആ കൊലപാതകത്തിലെ പ്രതിയെ കണ്ടെത്തുന്നതിനുവേണ്ടി നിയമപരമായി പറ്റുന്ന ഏകമാർഗ്ഗം പോലീസിന്റെ അന്വേഷണം മാത്രമല്ലേ; ആ പോലീസിന്റെ അന്വേഷണം മുന്നോട്ടുപോകുമ്പോൾ അതിനോട് സഹകരിക്കുകയല്ലേ വേണ്ടത്? ശ്രീ എളമരം കരീം പറഞ്ഞതിനെ ഞാൻ വിശ്വസിക്കുന്നു. ശ്രീ. എളമരം കരീം, മാന്യനായ ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്നുള്ള നിലയിൽ ഞാൻ അങ്ങ് പറഞ്ഞതിനെ വിശ്വസിക്കുന്നു. എങ്കിൽ ഈ അന്വേഷണത്തെ സഹായിക്കാനല്ലേ അങ്ങയുടെ സ്വാധീനം ചെലുത്തേണ്ടത്? അവിടെയാണ് പ്രശ്നം. അവിടെയാണ് സംശയം വരുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട എളമരം കരീം........ ബഹുമാനപ്പെട്ട മെമ്പർ അങ്ങ് തുടരണം. പ്ലീസ്...

ശ്രീ. സി. ദിവാകരൻ: സർ, ...............

ശ്രീ. എളമരം കരീം: സർ, ശ്രീ. സി. ദിവാകരൻ എന്തോ പറയുന്നു.

മി. ചെയർമാൻ: അങ്ങയുടെ സമയം 8 മിനിട്ട് കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി ഇപ്പോൾ കേരളത്തിൽ നടന്ന അതീവ ഗുരുതരമായ ഒരു സംഭവത്തെക്കുറിച്ച് മുൻവിധിയോടുകൂടിയാണ് ഈ സഭയിൽ പറഞ്ഞിരിക്കു

ന്നത്. ഇത് പിൻവലിക്കണം...... പിൻവലിക്കണം.................. പിൻവലിക്കണം.. ..........(ബഹളം)........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവിടെ നടന്ന കൊലപാതകത്തെ സംബന്ധിച്ച് നമ്മുടെ ഒരു മാന്യസുഹൃത്ത് പറഞ്ഞത് ദുർമരണം പണ്ടും നടന്നിട്ടുണ്ട് - എന്നുപറഞ്ഞ ആ രൂപത്തിലുള്ള വ്യാഖ്യാനം ശരിയാണോ എന്ന് അങ്ങ് ആലോചിക്കണം. ................(ബഹളം)..................

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം.... ശ്രീ. എളമരം കരീം, അങ്ങ് തുടരണം. പ്ലീസ്.. .... (ബഹളം)....... ബഹുമാനപ്പെട്ട അംഗം...... ........(ബഹളം).......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട..........

.............(ബഹളം)..................

മി. ചെയർമാൻ: പ്ലീസ്, പ്ലീസ്...........ബഹുമാനപ്പെട്ട പി.സി. ജോർജ് ഇരിക്കൂ.... പ്ലീസ്... പ്രതിപക്ഷ ഉപനേതാവിന്റെ പോയിന്റ് ഓഫ് ഓർഡർ

ഉണ്ട്. ....... നിങ്ങൾ ഇരിക്കൂ............ അദ്ദേഹത്തിന്റെ പോയിന്റ് ഓഫ് ഓർഡർ ആണ്........ പ്ലീസ്......(ബഹളം)...........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം സഖാവ് എളമരം കരീം സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പറഞ്ഞു – അദ്ദേഹത്തിന്റെ ടെലഫോൺ ചോർത്തുന്നുണ്ട്, ടേപ്പ് ചെയ്യുന്നുണ്ട്. ഇത് ഗൗരവതരമായ ഒരു ആരോപണമാണ്. ഒരു പൊതു പ്രവർത്തകന്റെ ടെലഫോൺ ടേപ്പ് ചെയ്യണമെങ്കിൽ ഒന്നുകിൽ ഹോം സെക്രട്ടറിയുടെ അനുമതി വേണം അല്ലെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രി യുടെ അനുമതി വേണം. ഒരു എം.എൽ.എ-യുടെ ടെലഫോൺ ടേപ്പ് ചെയ്യാൻ ആഭ്യന്തര വകുപ്പുമന്ത്രി അനുമതി കൊടുത്തിട്ടുണ്ടോ; ഹോം സെക്രട്ടറി അനുമതി കൊടുത്തിട്ടുണ്ടോ? ബഹുമാനപ്പെട്ട ഒരു നിയമ സഭാ സാമാജികൻ ഈ സഭയിൽ ഉന്നയിച്ചിരിക്കുന്ന ഈ പ്രശ്നത്തെ ക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയിൽ നിന്ന് ഒരു വിശദീ കരണം ഇവിടെ ലഭിച്ചേ മതിയാകൂ. ഗൗരവതരമായ ആരോപണമാണ്. ഇതുവരെ ഈ നിയമസഭയിൽ ഉയർന്നുകേൾക്കാത്ത ഒരു ആരോപണ മാണ് ബഹുമാനപ്പെട്ട അംഗം എളമരം കരീം നടത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ടെലഫോൺ ടേപ്പ് ചെയ്യപ്പെടുന്നു. ഇത് ശരിയാണോ എന്ന് ഈ സഭയ്ക്ക് അറിയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രതിപക്ഷ ഉപനേതാവ് ചോദിച്ച പ്രസക്തമായ ഈ ചോദ്യത്തിന് ഞാനൊരു മറുപടി കൂടി

പറയട്ടെ. എന്റെ മനസ്സറിഞ്ഞ് അദ്ദേഹത്തിന്റെ ടെലഫോൺ ചോർത്താനായി ഒരു ഇൻസ്ട്രക്ഷനും കൊടുത്തിട്ടില്ല. അദ്ദേഹം ഇപ്പോൾ പറഞ്ഞു തീർന്നിട്ട് രണ്ട് മിനിട്ട് മാത്രമേ ആയിട്ടുള്ളൂ. അദ്ദേഹം പറഞ്ഞ ഒരു പരാതി, പരാതിയായി സ്വീകരിച്ചുകൊണ്ട് എന്താണ് സംഭവിച്ചത് എന്നതിനെക്കുറിച്ച് ഞാനും പരിശോധിക്കാം.

ശ്രീ. എളമരം കരീം: ഈ അനുഭവംകൂടി കേട്ടിട്ട് ഒന്ന് അന്വേഷിക്ക്. ഇവിടെ.........

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്ലീസ് കൺക്ലൂഡ്...... അങ്ങയുടെ സമയം........

ശ്രീ. എളമരം കരീം: ഇവിടെ ഇദ്ദേഹം ചോദിച്ചതിന് മറുപടി പറയണമല്ലോ. എം.എൽ.എ എന്ന നിലയിൽ എന്റേതുമാത്രമല്ല വേറെയും ആളുകളുടേതുണ്ട്. നിങ്ങൾ അന്വേഷണം നടത്തി കണ്ടുപിടിക്കുമല്ലോ. കഴിഞ്ഞ ദിവസം, അതായത് 7-ാം തീയതി ഈ കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിന്റെ ചുമതലക്കാരനായ ശ്രീ. അനൂപ് കുരുവിളയെ കാണാൻ ശ്രീ. ഇ.പി. ജയരാജനും ഞാനും ഉൾപ്പെടെയുള്ള എം.എൽ.എ-മാർ പോയിരുന്നു. ഞങ്ങൾ ചെല്ലുന്നത് 6.45 മണിക്കാണ്. അദ്ദേഹം പറഞ്ഞു നിങ്ങൾക്ക് ശ്രീ. പി. മോഹനനെ കാണാൻ സൗകര്യപ്പെടുത്തിയിട്ടുണ്ട്. വടകര സ്റ്റേഷനിൽ പോയാൽ കാണാം, നാലര മണിക്കൂർ മുമ്പുതന്നെ നിങ്ങൾ വരുന്ന വിവരം ഞങ്ങൾ അറിഞ്ഞിരുന്നു. ഞങ്ങൾ ആരും ശ്രീ. അനൂപ് കുരുവിളയെ

വിളിച്ച് അവിടെ ചെല്ലുന്ന വിവരം പറഞ്ഞിരുന്നില്ല. ശ്രീ. ഇ. പി. ജയരാജനും ഞാനും ടെലഫോണിൽ സംസാരിച്ചത് മാത്രമാണ്. അതിനുമുമ്പു തന്നെ ടെലഫോൺ ടാപ്പ് ചെയ്യുന്നുണ്ട് എന്ന വിവരം ഞങ്ങൾക്കറിയാം. ഇതോടുകൂടി അത് വളരെ ശരിവച്ചു. ആഭ്യന്തര വകുപ്പുമന്ത്രി അറിയില്ല എന്നുപറഞ്ഞത് മുഖവിലയ്ക്ക് എടുക്കുന്നു. എങ്കിൽ ആർക്കാണ് ഇതിന് ഉത്തരവാദിത്വം എന്ന് അന്വേഷിച്ച് വെളിപ്പെടുത്താൻ അങ്ങേയ്ക്ക് ബാദ്ധ്യതയുണ്ട്. ഹോം സെക്രട്ടറി അനുമതി കൊടുത്തോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ട്രാൻസ്പരന്റായ ഒരു യുഗത്തിൽ ജീവിക്കുന്നവരല്ലേ നമ്മൾ? ...........(ബഹളം)........... ഇരുമ്പുമറയ്ക്കുള്ളിലാണോ; അല്ലല്ലോ, നമ്മൾ വളരെ ട്രാൻസ്പരന്റായ ഒരു യുഗത്തിൽ ജീവിക്കുന്നവരാണ്. അതുകൊണ്ട് അതൊന്നും മറച്ചുവയ്ക്കാൻ കഴിയില്ല. ഞാൻ അങ്ങയോട് പറഞ്ഞത്, എന്താണ് അങ്ങ് പറഞ്ഞ പരാതി, ആ പരാതി .......(തടസ്സം).....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, പത്ത് മിനിട്ടായി.

ശ്രീ. എളമരം കരീം: സർ, സമയം മുഴുവൻ മറ്റുള്ളവർ അപഹരിച്ചതാണ്. ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: 10 മിനിട്ട് അധികമായി എന്ന് പറഞ്ഞതാണ്.

ശ്രീ. എളമരം കരീം: സർ, ഒരു കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു. അങ്ങ് പറഞ്ഞത് കടമെടുത്തിട്ടാണ്. ഒന്നും ട്രാൻസ്പരന്റ് അല്ല. നിങ്ങൾക്കും മറച്ചുവയ്ക്കാൻ കഴിയില്ല എന്നുള്ളത് മനസ്സിലാക്കിക്കൊണ്ടുവേണം നിയമസഭയിലും മറുപടി പറയാൻ. എന്റെ ടെലഫോൺ ടാപ്പ് ചെയ്യാൻ നിങ്ങൾ അനുമതി കൊടുത്തിട്ടില്ലായെങ്കിൽ അനുമതിയില്ലാതെ നിയമവിരുദ്ധമായിട്ടാണോ പോലീസ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത് എന്നുള്ളതിന് ഗവൺമെന്റ് മറുപടി പറയേണ്ടിവരും. ഇത് ഇല്ലായെന്ന് പറഞ്ഞുകൊണ്ട് ട്രാൻസ്പരന്റാണെന്ന് അംഗീകരിച്ചുകൊണ്ട് നിങ്ങൾക്ക് പോകാൻ കഴിയില്ല. ഞങ്ങളിതൊക്കെ മനസ്സിലാക്കിയിട്ടാണ് പറയുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ കേസിൽ എന്തിനാണ് അന്വേഷണത്തെ തടസ്സപ്പെടുത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചു. മേയ് നാലാം തീയതി രാത്രി സംഭവമുണ്ടായിട്ട് മേയ് മാസം 18-ാം തീയതിവരെ അനങ്ങിയിട്ടില്ല, ചോദ്യം ചെയ്യാൻ കൂട്ടിക്കൊണ്ടുപോയവരെ കാണാൻ പോയിട്ടില്ല, വിളിച്ചുചോദിച്ചിട്ടില്ല. 18-ാം തീയതി മുതൽ കേസിൽ കസ്റ്റഡിയിലെടുക്കുന്ന സ്വഭാവവും, ചോദ്യം ചെയ്യൽ കോൺസൻട്രേഷൻ ക്യാമ്പ് മാതൃകയിലുമായി എന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമാണ് ഞങ്ങൾ പ്രതിഷേധിച്ചത്. നിങ്ങൾ പാർട്ടി ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ ശ്രീ. പി. മോഹനനെ പിടിച്ചുകൊണ്ടുപോയില്ലേ; ശ്രീ. പി.സി. വിഷ്ണുനാഥിന്റെ ഭാഷയിൽ പറഞ്ഞാൽ, ഡിവൈ.എസ്.പി എന്താണ് ചോദ്യം ചെയ്തത്?

ശ്രീമതി. കെ. കെ. ലതികയെ, തന്റെ ഭാര്യയെ പ്രതിയാക്കുമെന്നാണ് അന്വേഷണ സംഘം ഭീഷണിപ്പെടുത്തുന്നത്. വളയത്ത് കൊലചെയ്യപ്പെട്ട ഒരാളുടെ സംഭവം ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹത്തോട് വളരെ മോശമായ രീതിയിലാണ് അന്വേഷണ ഉദ്യോഗസ്ഥന്മാർ പെരുമാറുന്നത്..........

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ....(മൈക്ക് ഓഫ്).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, പ്ലീസ്, ഇത് തീരില്ല. ഇപ്പോൾത്തന്നെ അദ്ദേഹത്തിന്റെ സമയം 12 മിനിട്ട് കൂടുതലായി. പ്ലീസ്....

ശ്രീ. എളമരം കരീം: കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനോടും വളരെ ബഹുമാന്യരായ പൊതുപ്രവർത്തകരോടും അങ്ങനെ പെരുമാറുന്നതിനെ താങ്കൾ ന്യായീകരിക്കുമോ? ഈ പെരുമാറ്റത്തിന് പല വിധത്തിൽ വിധേയരാകേണ്ടി വരാൻ സാദ്ധ്യതയുള്ളവരല്ലേ നമ്മൾ എല്ലാവരും. പോലീസ് അങ്ങനെ തെറ്റായി................

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. അവസാനത്തെ വാചകത്തിലേയ്ക്ക് വരൂ. പ്ലീസ്....

ശ്രീ. എളമരം കരീം: ആ ഒരു സാഹചര്യത്തിലാണ് ഞങ്ങളുടെ ഇടപെടൽ ഉണ്ടായത്. ഞങ്ങൾക്ക് യഥാർത്ഥ പ്രതികളെ പിടികൂടുന്നതിൽ വിരോധമില്ല. പക്ഷേ കൊലപാതകം നടന്ന് പതിനഞ്ചാമത്തെ മിനിട്ടിൽ സി.പി.ഐ.(എം) ആണ് കൊലയാളി എന്ന് പ്രഖ്യാപിച്ച കേന്ദ്ര ആഭ്യ

ന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ മുതൽ അത് ഏറ്റുപിടിച്ച താങ്കളും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ മുൻവിധിയോടെയാണ് ഈ കേസ് കൊണ്ടുപോയിട്ടുള്ളത്. നിങ്ങൾക്ക് ഒരു തിരക്കഥയുണ്ട്. നിങ്ങൾക്ക് ചില പ്രതികൾ മനസ്സിലുണ്ട്. ആ പ്രതികളെ മുൻകൂട്ടി പ്രഖ്യാപിക്കുകയും .....

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ, ശ്രീ. എളമരം കരീം അങ്ങ് ഇതൊന്ന് അവസാനിപ്പിക്കണം, പ്ലീസ്. പോയിന്റ് ഓഫ് ഓർഡർ....

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, I am on a point of order.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ....സമയം തരാം. ശ്രീ. എളമരം കരീം, അങ്ങ് വൈൻഡ് അപ് ചെയ്യൂ, പ്ലീസ്.....

ശ്രീ. എളമരം കരീം: ഞങ്ങൾ അതും മനസ്സിലാക്കിയിട്ടുണ്ട്. നിങ്ങളുടെ മനസ്സിലുള്ളത് മനസ്സിലാക്കിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ, ഇതുംകൂടി ഉൾപ്പെടുന്ന സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിറുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, I am on a point of order.... ഇവിടെ ഈ സഭയിൽ നടന്ന പല ചർച്ചകളിലും അനാവശ്യ മായി ചില പരാമർശങ്ങൾ അപ്പുറത്തെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ആ സമയത്തൊക്കെ ഞങ്ങൾ അത് പറഞ്ഞിട്ടുണ്ട്. കേൾക്കൂ, അവിടെ ഇപ്പോഴും ശ്രീ. എളമരം കരീം പണ്ട് പറഞ്ഞ പല്ലവി വീണ്ടും ആവർത്തി ക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും എന്തോ ഗൂഡാലോചന നടത്തിയെന്നാണ് പറയുന്നത്. ഞാൻ പറയാം. ........(ബ ഹളം).......... ആ പോയിന്റ് നമ്മൾ തമ്മിലല്ല ചർച്ച ചെയ്യേണ്ടത്, ബഹുമാ നപ്പെട്ട സ്പീക്കറുമായിട്ടല്ലേ. നമ്മൾ തമ്മിൽ ചർച്ച ചെയ്താൽ പോയിന്റിൽ എത്തുകയില്ലല്ലോ. ........ (ബഹളം)..........

മി. സ്പീക്കർ: നിങ്ങൾ എന്തിനാണ് ഇങ്ങനെ അക്ഷമ കാണിക്കു ന്നത്; മെമ്പർ പറയുന്നത് കേൾക്കുകയല്ലേ.... പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ ഒരു സ്ഥലത്തും........, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഞാനോ ഇത് മാർക്സിസ്റ്റ് പാർട്ടിയാണ് എന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ അങ്ങനെ pin point ചെയ്ത് പറഞ്ഞിട്ടി ല്ല. തെളിവുകളുടെ സാഹചര്യം പറഞ്ഞിട്ടുണ്ടാകാം, അവിടെ നടന്ന കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടാവാം, മാർക്സിസ്റ്റ് പാർട്ടി നടത്തിയ പ്രചരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടാവാം. അതുകൊണ്ട് അദ്ദേഹം

പറഞ്ഞ, ആവർത്തന ചുവയോടുകൂടിയുള്ള വീണ്ടുമുള്ള ആക്ഷേപം 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണമെന്നതാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. എളമരം കരീം പറഞ്ഞ കാര്യങ്ങൾ ഞാൻ പറയുന്നില്ല. കാരണം, ഇനിയും എനിക്കുശേഷം പ്രതിപക്ഷനേതാവ് പ്രസംഗിക്കാനുണ്ട്. ശ്രീ. എളമരം കരീം പറഞ്ഞ കാര്യത്തെ സംബ ന്ധിച്ചുള്ള മറുപടി പ്രതിപക്ഷനേതാവ് പറയുമെന്നാണ് ഞാൻ കരുതു ന്നത്. അതുകൊണ്ട് പ്രത്യേകമായി ഞാൻ അതിനെ പരാമർശിച്ചൊന്നും പറയുന്നില്ല. ഇവിടെ ഒരു വ്യവസായനയം പ്രഖ്യാപിച്ചു. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി രണ്ടു വർഷത്തിലൊരിക്കൽ 'എമർജിംഗ് കേരള' എന്ന സംഗമം നടത്തുമെ ന്നാണ് പറഞ്ഞിരിക്കുന്നത്. കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനുവേ ണ്ടിയുള്ള ഒരു പരിശ്രമമാണ് നടത്തുന്നത്. വിദേശ നിക്ഷേപം ഉൾപ്പെടെ യുള്ള വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുവേണ്ടി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി കൂടുതൽ പദ്ധതികൾ കൊണ്ടു വന്നു. ഇങ്ങനെ കേരളത്തിന്റെ വ്യാവസായിക മുഖച്ഛായ മാറ്റുന്നതിനു വേണ്ടിയുള്ള ഒരു വ്യവസായ നയമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് ഏത് പശ്ചാത്തലത്തിലാണെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. ശ്രീ. എസ് ശർമ്മയും ശ്രീ. സി. ദിവാകരനുമൊക്കെ 1990-കളിൽ ആരംഭിച്ച ഉദാരവ ത്കരണത്തെക്കുറിച്ച് സൂചിപ്പിച്ചു. നെഹ്റൂവിയൻ സങ്കൽപ്പത്തിലേയ്ക്ക് നമ്മൾ മടങ്ങിപ്പോകണമെന്നാണ് ശ്രീ. സി. ദിവാകരൻ പറഞ്ഞത്.

1947-ൽ ഇന്ത്യ സ്വതന്ത്രമായതിനുശേഷം നമ്മൾ എല്ലാത്തരം വിദേശനിക്ഷേപങ്ങളേയും വിദേശ ഇടപെടലുകളേയും വിദേശത്തുനിന്നുള്ള എല്ലാത്തരത്തിലുള്ള ടെക്നോളജി ട്രാൻസ്ഫറുകളെയുമൊക്കെ ഭീതിയോടുകൂടിയാണ് കണ്ടത്. ഒരു ലൈസൻസ് രാജ് ആയിരുന്നു 1990 വരെ നമ്മൾ നടത്തിയിരുന്നത്. ആ ലൈസൻസ് രാജിനകത്ത് വ്യാവസായിക വളർച്ച ഉണ്ടായോ? സൗത്ത് ഈസ്റ്റ് ഏഷ്യയിലെ, നമ്മളെ പോലെ സ്വതന്ത്രമായ ജപ്പാൻ, സൗത്ത് കൊറിയ ഉൾപ്പെടെയുള്ള മറ്റുരാജ്യങ്ങൾ വ്യാവസായികമായി മുന്നോട്ടുപോയപ്പോൾ നമുക്ക് ബ്രിട്ടീഷ് ഇന്ത്യയിലുണ്ടായിരുന്ന അത്രയുംപോലും എക്സ്പോർട്ട് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 1990-കൾക്ക് ശേഷം നടന്ന ഉദാരവത്ക്കരണത്തിനുശേഷമാണ് ആ മേഖലയിൽ ഒരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞത്. ആ മാറ്റമുണ്ടായതിനെ ഇവർ മാത്രമല്ല, ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സും അതിനെ എതിർത്തു. ഇപ്പോൾ ഉദാരവത്ക്കരണത്തിന് പാകമായോ എന്നാണ് ചോദിച്ചത്? ഇന്ത്യയിലെ കോർപ്പറേറ്റുകൾ എതിർത്തു. അവർ പറഞ്ഞത് ലൈസൻസ് രാജ് നിലനിൽക്കണം, സംരക്ഷിതമായൊരു സാഹചര്യത്തിൽ മാത്രമേ ഇന്ത്യയിൽ വ്യവസായം വളരുകയുള്ളുവെന്നാണ്.

ശ്രീ. ജി. സുധാകരൻ: സർ, സ്വാതന്ത്ര്യത്തിനുശേഷം ഇന്നുവരെ നെഹ്റുവിന്റെ കാലഘട്ടത്തിലെ ലൈസൻസ് രാജ് വ്യവസായ നയങ്ങൾ തെറ്റായിരുന്നുവെന്നും ഉദാരവത്ക്കരണം മാത്രമാണ് ഇന്ത്യയെ രക്ഷിച്ചതെന്നും കോൺഗ്രസ്സുപോലും പറഞ്ഞിട്ടില്ല. അതിന്റെ അടിസ്ഥാന

ത്തിൽ ഇവിടെ പറഞ്ഞത് ഓർഡറിലാണോ; കോൺഗ്രസ്സിന്റെ നയം ഇതാണോ? എങ്കിൽ ഞങ്ങൾ ഇവിടെ പരസ്യമായി തള്ളിപ്പറഞ്ഞിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. ജി. സുധാകരൻ പഴയ ടേപ്പുമാത്രം ഓൺ ചെയ്തുകൊണ്ട് നിൽക്കുകയാണ്. പുതിയ ടേപ്പിലേയ്ക്ക് വരണം. ഇപ്പോഴും ഉദാരവൽക്കരണം എന്നു പറഞ്ഞുകൊണ്ട് ആ പഴയ ടേപ്പിലേയ്ക്ക് വയ്ക്കാതെ പുതിയ ടേപ്പിലേയ്ക്ക് മാറ്റൂ........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്........(ബഹളം)........ഒരു വാക്കിൽ കയറി പിടിക്കണ്ട, അങ്ങനെയൊന്നും ശ്രീ. കെ. ശിവദാസൻനായർ പറഞ്ഞില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സി.ഡി.യും പോയി. സി.ഡി.യുടെ കാലവും പോയി. 1990- കൾക്ക് ശേഷം ഇൻഫോസിസ് പോലെയുള്ള പുതിയ സംരംഭങ്ങൾ ഇന്ത്യയിലുണ്ടായി. ലൈസൻസ് രാജ് അവസാനിച്ചതോടുകൂടി പുതിയ സംരംഭങ്ങളും തൊഴിലവസരങ്ങളുമുണ്ടായി. ഐ.ടി. മേഖലയിൽ ഇന്ത്യയ്ക്കുണ്ടായ വളർച്ച ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ പുറംലോകത്തേയ്ക്ക് തുറന്നതുകൊണ്ടുണ്ടായ മാറ്റങ്ങളാണ്. ആ മാറ്റങ്ങൾ കാണാതെ നമ്മൾ മുന്നോട്ട് പോയിട്ട് കാര്യമില്ല. ആ മാറ്റങ്ങൾക്കനുസൃതമായിട്ടുള്ള ഒരു വ്യവസായ നയമാണ് കേരളത്തിൽ ഇപ്പോൾ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പ്രഖ്യാപിച്ചിരി

ക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ പി.പി.പി. എന്ന് കേൾക്കുമ്പോൾ, സ്വകാര്യ പങ്കാളിത്തമെന്ന് കേൾക്കുമ്പോൾ വലിയ ബഹളമാണ് ഉണ്ടാക്കുന്നത്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ സ്വാശ്രയ വിദ്യാഭ്യാസത്തെ എതിർക്കുന്നതുപോലെയാണ് ഇവർ സ്വകാര്യ പങ്കാളിത്തത്തെ (പി.പി.പി) എതിർക്കുന്നത്. അങ്ങനെ പോയിട്ട് കാര്യമുണ്ടോ? നിങ്ങൾ എന്താണ് ഇൻകെൽ-ൽ ചെയ്തത്? ശ്രീ. എളമരം കരീം വ്യവസായ മന്ത്രിയായിരുന്ന കാലത്ത് ഇൻകെൽ ഉണ്ടാക്കി. അതിനെ സംബന്ധിച്ച് ശ്രീ. സി. ദിവാകരന്റെ അഭിപ്രായമാണോ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളത്? ഇവിടത്തെ ലാന്റ് മാഫിയയുടെ കേന്ദ്രബിന്ദുവായി ഇൻകെൽ മാറിയിരിക്കുന്നുവെന്നാണ് ശ്രീ.സി. ദിവാകരൻ ഇപ്പോൾ പറഞ്ഞത്. ശരിയല്ലേ? 76 ശതമാനം സ്വകാര്യ മേഖല, 24 ശതമാനം സർക്കാർ മേഖല - ആ മേഖലയ്ക്ക് പൊതുമേഖലസ്ഥാപനങ്ങളുടെ സ്ഥലം കഴിഞ്ഞ ഗവൺമെന്റ് കൈമാറിയില്ലേ? 240 ഏക്കർ കെ.എസ്.ഐ.ഡി.സി.യുടെ സ്ഥലവും ടെൽക്കിന്റെ 30 ഏക്കർ സ്ഥലവും തിരുവനന്തപുരത്തെ കണ്ണായ പല സ്ഥലങ്ങളും ഈ സ്ഥാപനത്തിന് കൈമാറിയ ആളുകളാണ് ഇപ്പോൾ പി.പി.പി.യെ എതിർക്കുന്നത്. സ്വകാര്യ സംരംഭകർക്ക് ഭൂമി വിറ്റ് തുലയ്ക്കുന്നതിനുവേണ്ടി ഒരു പുതിയ സംയുക്ത സംരംഭമുണ്ടാക്കി 24 ശതമാനം സർക്കാരുടമസ്ഥതയിലെന്ന് പറഞ്ഞ് പൊതു ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ മുഴുവൻ തീറെഴുതിക്കൊടുത്ത ആളുകൾ ഇവിടെ വന്ന് ഞങ്ങൾ പി.പി.പി.-യെ

എതിർക്കുന്നു, ഞങ്ങൾ സ്വകാര്യ മേഖലയെ എതിർക്കുന്നുവെന്ന് പറയുന്നതിന് എന്തർത്ഥമാണുള്ളത്? ഇവിടെ വ്യവസായം വരണം, വ്യവസായം വരണമെന്നുണ്ടെങ്കിൽ കാലത്തിനനുസൃതമായുള്ള വ്യവസായങ്ങളെ വരാൻ സാധിക്കുകയുള്ളു. നമുക്ക് ഏത് മേഖലയിലാണ് മുന്നോട്ടുപോകാൻ കഴിയുന്നത്? ഇപ്പോൾ നമുക്ക് ഐ.ടി.മേഖലയിലേയ്ക്ക് മാറാമെങ്കിൽ പോലും ഐ.ടി. മേഖല എത്ര കാലത്തേയ്ക്കുണ്ട്, അതിന്റെ ഭാവി എത്രയുണ്ട് എന്നുള്ളത് പ്രവചിക്കാൻ സാധ്യമല്ല. നമുക്ക് അഗ്രോ ബെയ്സ്ഡ് ആയ ഇൻഡസ്ട്രീസ് ധാരാളമായി വരാനുള്ള സാഹചര്യമുണ്ട്. ആ സാഹചര്യം ടാപ്പ് ചെയ്യാൻ നമുക്ക് കഴിയണം. അഗ്രോ ബെയ്സ്ഡ് ഇൻസഡ്ട്രീസിന് വാല്യൂ ആഡഡ് പ്രോഡക്ട്സ് ധാരാളമായി ഉണ്ടാക്കാൻ കഴിയും. ഇക്കാര്യത്തിൽ ശ്രീലങ്ക പോലും നമ്മളേക്കാൾ വളരെയേറെ മുന്നിലാണ്. മലേഷ്യ എന്ന രാജ്യം നമ്മേളേക്കാൾ വളരെ മുന്നിലാണ്. ഈ മേഖലയിൽ ഈ രാജ്യങ്ങളെ അപേക്ഷിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നൊരു സാഹചര്യമുണ്ടാക്കണം. വ്യവസായ സംഗമം എന്നൊക്കെ പറഞ്ഞ് പോയിട്ട് കാര്യമില്ല. ഇതിന് ഏറ്റവും പ്രധാന തടസ്സമായി നിൽക്കുന്നത് വൈദ്യുതി ക്ഷാമം തന്നെയാണ്. വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ഗൗരവമായൊരു പരിപാടിയുണ്ടാക്കണം. അതില്ലാതെ നിക്ഷേപകരെ ആകർഷിക്കുക സാധ്യമല്ലായെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഭരണം മാറുന്നതിനനുസരിച്ച് നയങ്ങൾ മാറ്റാൻ പറ്റില്ല. നമുക്ക് വിദേശ

നിക്ഷേപം വരണം, എങ്ങനെയാണ് വിദേശ നിക്ഷേപം വരുന്നത്? ഇവിടെ വിദേശനിക്ഷേപത്തിന്റെ കുറവിനെ സംബന്ധിച്ച് പറയുമ്പോൾ ആഗോള സാമ്പത്തിക മേഖലയിൽ മാന്ദ്യമുണ്ട്. അതുകൊണ്ടുതന്നെ വിദേശനിക്ഷേപം വരുന്നതിന് പരിമിതികളുണ്ട്. എന്നാൽ നമുക്ക് ഏറ്റവും കൂടുതൽ ഉപയോഗപ്രദമാക്കാൻ കഴിയുന്ന എൻ.ആർ.ഐ. നിക്ഷേപമുണ്ട്. എൻ.ആർ.ഐ. നിക്ഷേപം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടോ എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 3000 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകത്തക്ക രീതിയിൽ, എൻ.ആർ.ഐ.കൾ ഏറ്റവും കൂടുതലുള്ള മദ്ധ്യതിരുവിതാംകൂറിൽ ആറന്മുള എയർപോർട്ടിനുവേണ്ടി അനുമതി കൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ ക്യാബിനറ്റ് അപ്രൂവ് ചെയ്തതിന് കൂട്ടുനിന്ന മന്ത്രിമാർതന്നെ ഭരണം പോയിക്കഴിഞ്ഞപ്പോൾ പരിസ്ഥിതിവാദികളായി മാറി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇട്ട മണ്ണ് തിരിച്ചെടുക്കണമെന്നാണ് ഈ പദ്ധതിക്ക് വേണ്ടി ഒപ്പുവച്ച മന്ത്രിമാർതന്നെ പറയുന്നത്. ഭരണം മാറിയാൽ നയം മാറുമോ; അങ്ങനെ നയം മാറ്റാൻ പറ്റുമോ? ഇവിടെ വ്യവസായം വരണം, നിക്ഷേപകർ വരണം എന്ന് പറയുകയും ഭരണം മാറുന്നതിനനുസരിച്ച് നിറം മാറുകയും ചെയ്യുന്ന ഒരു നയവുമായി പ്രതിപക്ഷം പോകുന്നത് ശരിയാണോ എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി നമ്മൾ ആലോചിക്കേണ്ട വിഷയമാണ്. ഇവിടെ ശ്രീ. എളമരം കരീം പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം,

എമർജിംഗ് കേരള എന്ന് പറയുമ്പോൾ നമുക്ക് GIM-ന്റെ കാര്യമറിയാം. അവിടെ ചെന്ന് പിന്തുണകൊടുത്തിട്ട് പുറത്തിറങ്ങി അതിനെ പരാജയപ്പെടുത്താൻ ശ്രമിച്ച അന്നത്തെ പ്രതിപക്ഷം. നമുക്ക് ഈ പ്രതിപക്ഷത്തിന്റെ സഹകരണം വേണം. പ്രതിപക്ഷത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ഇക്കാര്യത്തെ സംബന്ധിച്ച് ഒരു ആശയവിനിമയം തീർച്ചയായും നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്ത് ടെക്സ്റ്റൈൽ കോർപ്പറേഷൻ മൂന്ന് പുതിയ ടെകസ്റ്റൈൽ മില്ലുകൾ ആരംഭിച്ചു. കോമളപുരം സ്പിന്നിംഗ് മില്ലിന് ഇതുവരെ വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല, അതിന്റെ ഉദ്ഘാടനം അന്നേ നടത്തിയതാണ്. ഉദുമയിൽ പഞ്ചായത്തിന്റെ അപ്രൂവൽ കിട്ടിയിട്ടില്ല. അതിന്റെ ഉദ്ഘാടനവും അന്ന് നടത്തിയതാണ്. പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ- തുടങ്ങാൻ കഴിയുന്നില്ല. ഈ കാര്യം ഗൗരവമായി കാണണം. അന്നത്തെ ഗവൺമെന്റ് ഉദ്ഘാടനം നടത്തുകയും ചില അപ്പോയിന്റ്മെന്റുകൾ നടത്തുകയും ചെയ്തു എന്നതല്ലാതെ മറ്റൊന്നും ചെയ്തില്ലായെങ്കിൽപ്പോലും നമുക്ക് അതിന്റെ ബാലാരിഷ്ടതകൾ മാറ്റി ആ മില്ലുകൾ തുടങ്ങാൻ കഴിയണം ഇപ്പോൾ കെ.എസ്.റ്റി.സി. മില്ലുകൾക്ക് 5 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്, അതുകൊണ്ട് മാത്രമായില്ല. ഇവിടെ നവീകരണം നടപ്പിലാക്കണം. കെ.എസ്.റ്റി.സി. മില്ലുകളിൽ ഏറ്റവും ലാഭകരമായ പ്രവർത്തിക്കുന്നത് പ്രഭുറാം മിൽസാണ്. 17,000 സ്പിന്റിലുകൾ മാത്രമാണുള്ളത്. ഒരു

ടെക്സ്റ്റൈൽ മിൽ ലാഭകരമായി നിലനിൽക്കണമെന്നുണ്ടെങ്കിൽ 25000 സ്പിന്റിലുകൾ ഉണ്ടെങ്കിൽ മാത്രമേ സാധ്യമാകുകയുള്ളൂ. അതുകൊണ്ട് പ്രഭുറാം സ്പിന്റിലേജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണം. അതുപോലെതന്നെ, ടെക്സ്റ്റൈൽസ് മില്ലുകളുടെ പ്രൊഡക്ഷൻ കുറയാനുള്ള പ്രധാന കാരണം ഇന്ററപ്റ്റഡ് ഇലക്ട്രിസിറ്റി സപ്ലൈയാണ്. അതിന് ഒരു പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൂടി ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം, ഇരുമ്പനത്തും തിരുവല്ലയിലും ട്രാക്കോ കേബിളിന്റെ ഫാക്ടറിയുണ്ട്. കെ.എസ്.ഇ.ബി.യെ മാത്രം ആശ്രയിച്ചുകൊണ്ടാണ് ഇവ നിലനിൽക്കുന്നത്. കെ.എസ്.ഇ.ബി. ഇപ്പോൾ പരിമിതമായ ഓർഡറുകളേ നൽകുന്നുള്ളൂ. അതുകൊണ്ട് ഈ ഫാക്ടറികൾ വൈവിധ്യവൽക്കരിക്കണം, കെ.എസ്.ഇ.ബി.യെ മാത്രം ഡിപ്പെൻഡ് ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു സാഹചര്യം ഒഴിവാക്കണം. എന്നുമാത്രമല്ല കെ.എസ്.ഇ.ബി.യെക്കൊണ്ട് പരമാവധി ഓർഡർ അവിടെ കൊടുപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം എന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ഇവിടെ കെ.എഫ്.സി-യും സിഡ്കോ-യും വ്യവസായ രംഗത്തിന് ഒരു സഹായവും നൽകാത്ത തരത്തിലുള്ള സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്. അതിന് പരിഹാരമുണ്ടാകണം. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ഈ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്നതിനുള്ള സഹായമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പി

ക്കാനുള്ളത്. അതുപോലെ ആലപ്പുഴയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗാന്ധിസ്മൃതി വനത്തിനായി 100 ഏക്കർ ഭൂമി ഐ.റ്റി പാർക്കിന് നൽകി. എന്തായി അതിന്റെ സ്ഥിതി; അവിടെ ഐ.റ്റി പാർക്കുണ്ടോ? അവിടെ 6 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞപ്പോഴാണ് അത് environmentally fragile land ആണെന്നുള്ളത് മനസ്സിലാകുന്നത്. മുടക്കിയ 6 കോടി രൂപ നഷ്ടമായി. ഇപ്പോൾ ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് അവിടെയുള്ളത്. ഇത്തരത്തിലുള്ള തീരുമാനങ്ങളെടുത്ത ആളുകൾ സംസ്ഥാനത്തിന് വലിയ നഷ്ടമുണ്ടാക്കിയിരിക്കുകയാണ്. അതുസംബന്ധിച്ച് ഗൗരവമായി നമ്മളാലോചിക്കണമെന്നും അന്വേഷണം നടത്തണമെന്നുമാണ് അക്കാര്യത്തെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. ....(ബഹളം)......... മലയാളം പറഞ്ഞാൽ മനസ്സിലാകുന്നവർക്കല്ലേ അർത്ഥം മനസ്സിലാകൂ. ശ്രീ. കോവൂർ കുഞ്ഞുമോനത് മനസ്സിലായില്ലെങ്കിൽ ഞാനെന്ത് ചെയ്യും; അത് പറഞ്ഞിട്ട് കാര്യമുണ്ടോ? പത്തനംതിട്ടയിൽ വളരെ പരിമിതമായ വ്യവസായ സംരംഭങ്ങളാണുള്ളത്. അവിടെ വെള്ളമുണ്ട്, ഇലക്ട്രിസിറ്റി പ്രൊഡ്യൂസ് ചെയ്യുന്നു അങ്ങനെ എല്ലാവിധ സൗകര്യങ്ങളുമുള്ള ജില്ലയാണ്. പക്ഷേ അവിടെ വ്യവസായം മാത്രമില്ല. സ്ഥലപരിമിതിയാണ് അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് പത്തനംതിട്ടയിൽ കിൻഫ്ര-യെക്കൊണ്ട് 100 ഏക്കർ സ്ഥലമെങ്കിലും വ്യവസായ പാർക്കിനായി അക്വയർ ചെയ്യണമെന്ന ഒരു

അഭ്യർത്ഥനയാണ് എനിക്ക് ഈ അവസരത്തിലുള്ളത്. നമുക്ക് കേന്ദ്രഗവൺമെന്റുമായി സഹകരിച്ചുകൊണ്ട് പുതിയ സംരംഭങ്ങളുണ്ടാക്കാൻ കഴിയണം. ശ്രീ. എളമരം കരീം ഇവിടെ സൂചിപ്പിച്ചു. ശ്രീ. എ.കെ. ആന്റണിയുടെ സഹായ സഹകരണത്തോടെ കഴിഞ്ഞ ഗവൺമെന്റിന് കുറച്ചൊക്കെ മുന്നോട്ടുപോകാൻ കഴിഞ്ഞു. നമുക്ക് ആ രംഗത്ത് കൂടുതൽ ഇൻവെസ്റ്റ്മെന്റ് നേടിയെടുക്കാൻ കഴിയും. കേരളത്തിൽ നിന്നുള്ള ശ്രീ. എ.കെ. ആന്റണിയെയും ശ്രീ. വയലാർ രവിയെയുംപോലുള്ള മന്ത്രിമാർ കേന്ദ്രത്തിലുള്ള സാഹചര്യത്തിൽ പരമാവധി ഇൻവെസ്റ്റ്മെന്റ് നമുക്ക് നേടിയെടുക്കാൻ കഴിയും. അത് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിന് സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. അതിനുവേണ്ടിയുള്ള പരിശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ ഉദ്യോഗസ്ഥതലത്തിലുള്ള നൂലാമാലകൾ വളരെ കൂടുതലാണ്. ആ നൂലാമാലകൾ കണ്ട് പേടിച്ചോടാത്ത ഒരു വ്യവസായ സംരംഭകരും കേരളത്തിലുണ്ടാകുമെന്ന് തോന്നുന്നില്ല. അങ്ങ് സിംഗിൾ വിൻഡോ ക്ലിയറൻസ് സമ്പ്രദായം എല്ലാ സ്ഥലങ്ങളിലും നടപ്പിലാക്കുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ആ കാര്യത്തിൽ ഫലപ്രദമായിത്തന്നെ അങ്ങ് നടപടിയെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യവസായ വകുപ്പ് ആറന്മുളയിൽ എയർപോർട്ടിനായി ഏകദേശം 3000 ഏക്കറോളം ഭൂമി വ്യവസായ മേഖലയായി പ്രഖ്യാപിച്ചിരുന്നു. വലിയ ആലോചനകൾ കൂടാതെയാ

ണത് ചെയ്തത്. ഈ പദ്ധതി പ്രദേശമൊഴികെയുള്ള ഏരിയകൾ അതിൽനിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞു, ഗവൺമെന്റ് അത് തത്വത്തിൽ തീരുമാനിച്ചു. പക്ഷേ ഇതുവരെ ഉത്തരവ് വന്നിട്ടില്ല. അടിയന്തരമായി ആ ഉത്തരവിറക്കണം. അല്ലെങ്കിൽ ജനങ്ങൾക്ക് വലിയ ആശങ്കകളുണ്ട്. കഴിഞ്ഞ ഗവൺമെന്റ് ആലോചനയില്ലാതെ നടത്തിയ ഒരു തീരുമാനമാണിത്. ആ നോട്ടിഫിക്കേഷൻ അമെന്റ് ചെയ്ത് അടിയന്തരമായി നോട്ടിഫിക്കേഷനിറക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. ഞാൻ കൂടുതൽ പറയുന്നില്ല. വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാകണം. തൊഴിലവസരങ്ങളുണ്ടാകുന്നതിനനുയോജ്യമായ സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് മറ്റ് സംരംഭകരെ ബോധ്യപ്പെടുത്തുന്ന തരത്തിൽ പ്രതിപക്ഷവും ഭരണപക്ഷവും കൂടി യോജിച്ച സമീപനം പുതിയ എമർജിംഗ് കേരളയുടെ കാര്യത്തിലുണ്ടാകണം. അക്രമരാഷ്ട്രീയം, കൂടെക്കൂടെയുള്ള ബന്ദുകൾ തുടങ്ങിയവ അവസാനിപ്പിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ഞാൻ രാഷ്ട്രീയമായ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ഒരു വധത്തെ സംബന്ധിച്ചാണ് കൂടുതൽ കാര്യങ്ങൾ സൂചിപ്പിച്ചത്. എല്ലാവരും സൂചിപ്പിച്ചതുപോലെ ഒരു lost case- ആണ് വാദിച്ച് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാൻ ശ്രീ. എളമരം കരീമിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. വല്ലാത്തൊരു ചുറ്റുപാടിലാണ് അങ്ങ് ഏർപ്പെട്ടിരിക്കുന്നതെന്ന് ബോധ്യമാണ്. എല്ലാവർക്കും കാര്യങ്ങളറിയാം, അങ്ങേ

യ്ക്കുമറിയാം. പക്ഷേ അങ്ങേയ്ക്കുപോലും ബോധ്യമില്ലാത്ത കാര്യങ്ങൾ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നതിന് അങ്ങയെ ഏൽപ്പിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഞാൻ ചോദിക്കട്ടെ, ഇൻവെസ്റ്റിഗേഷനെ സംബന്ധിച്ച് നിങ്ങൾക്ക് തർക്കമുണ്ടെങ്കിൽ എന്തുകൊണ്ട് കോടതിയിൽ അതിനെതി രായി പോകുന്നില്ല. നിങ്ങൾ പുകമറ സൃഷ്ടിക്കുകയല്ലേ? അന്വേഷണം നടത്തുന്ന പോലീസിൽ ഞങ്ങൾക്ക് വിശ്വാസമില്ലെന്നും ഇന്നയിന്ന കാര്യങ്ങൾകൊണ്ട് ഈ അന്വേഷണം മാറണമെന്നും വേറെ അന്വേഷണ ഏജൻസി വേണമെന്നും നിങ്ങൾക്ക് കോടതിയിൽ പോയി ആവശ്യപ്പെ ടാമല്ലോ. നിങ്ങൾ സി.ബി.ഐ-യും അന്വേഷിച്ചാൽ പോര എന്നല്ലേ പറ യുന്നത്. ഇന്ത്യയിലില്ലാത്ത വേറെ ഏത് ഏജൻസിയെക്കൊണ്ടാണ് അന്വേ ഷിപ്പിക്കേണ്ടത്? നിങ്ങൾക്ക് ഇന്ത്യയിലെ ഒരു പോലീസ് അന്വേഷണ സംവിധാനവും വേണ്ട, ലോക്കൽ കമ്മിറ്റിയുടെ അന്വേഷണം മാത്രം മതി യെന്നാണെങ്കിൽ അത് ജനാധിപത്യ ഭരണ സമ്പ്രദായത്തിൽ നടക്കില്ല. ഈ കൊലപാതക വ്യവസായങ്ങൾ അവസാനിപ്പിക്കുകയെന്നത് ഈ ഗവൺമെന്റിന്റെ നയമാണ്. ആ നയത്തിനനുസരിച്ച് ഞങ്ങൾ മുന്നോട്ടു പോകുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, വ്യവസായവും ഐ.റ്റി-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ എമർജ് ചെയ്യാൻ പോകുന്നുവെന്നതിനെ സംബന്ധിച്ചുള്ള സർക്കാരിന്റെ പുസ്തകമാണിത്. ഞാൻ വ്യവസായത്തെപ്പറ്റി മാത്രമേ പറയുന്നുള്ളൂ. എന്റെ സ്നേഹിതൻമാർ മറ്റുവിഷയങ്ങളെപ്പറ്റിയെല്ലാം ചെറുതും വലുതുമായ പരാമർശങ്ങൾ നടത്തി. എമർജിംഗ് കേരള 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടക്കാൻ പോകുകയാണ്. 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്താകെ 12543 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു. ഇതിൽ 9932 സംരംഭങ്ങൾ ഉല്പാദന മേഖലയിലും 2611 സംരംഭങ്ങൾ സേവന മേഖലയിലുമാണ്. ഇതുവഴി ആകെ 1334 കോടി രൂപയുടെ മുതൽ മുടക്കും 65976 തൊഴിലുകളും സാധ്യമായി. സൂക്ഷ്മ വ്യവസായങ്ങളുൾപ്പെടെയാണിത് പറയുന്നത്. സൂക്ഷ്മ വ്യവസായമെന്ന് പറഞ്ഞാൽ എന്താണെന്ന് മനസ്സിലാകുന്നില്ല. അത് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമ്പോൾ ആ വ്യവസായത്തിന്റെ സ്വഭാവത്തെപ്പറ്റി പറയുമെന്ന് വിചാരിക്കുന്നു. ഏതായാലും സാധാരണ കണ്ണുകൊണ്ട്, ബഹുമാനപ്പെട്ട സ്പീക്കറുടെയും എന്റെയുമെല്ലാം കണ്ണുകൊണ്ട്, നോക്കിയാൽ കാണാവുന്ന വിധത്തിലുള്ള വ്യവസായ സംരംഭങ്ങളൊന്നും ഇതിനിടയിലുണ്ടാ

യിട്ടില്ലെന്നുള്ളത് ഞാൻ ആദ്യമായി സൂചിപ്പിക്കട്ടെ. മുൻഗവൺമെന്റിന്റെ കാലത്ത് ആർ.സി. ചൗധരിയെന്ന ഉദ്യോഗസ്ഥനെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുന്നതിനുള്ള പ്രത്യേക നിർദ്ദേശത്തോടു കൂടി നിയമിക്കുകയും അദ്ദേഹം ധാരാളം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്തു. അടച്ചുപൂട്ടിയ കോഴിക്കോടുള്ള സോപ്സ് ആന്റ് ഓയിൽ മിൽ, തിരുവണ്ണൂറിലെ മലബാർ സ്പിന്നിംഗ് മിൽ, ബാല രാമപുരം സ്പിന്നിംഗ് മിൽ തുടങ്ങിയവയെല്ലാം ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് തുറന്ന ഫാക്ടറികളാണ്. കേന്ദ്ര പൊതുമേഖലയുമായി ചേർന്നിട്ടുള്ള കാര്യവും ബഹുമാനപ്പെട്ട മുൻ വ്യ വസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം വിവരിച്ചു. അതിലേ യ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷത്തെ ഭരണത്തിനിടയിൽ ഐ.ടി. മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായത്. ഐ.ടി മേഖലയിലെ അടിസ്ഥാന സൗകര്യം 5 മടങ്ങായി വർദ്ധിച്ചു. പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. തിരുവനന്തപുരം ടെക്നോപാർക്കും എറണാകുളം ഇൻഫോപാർക്കും ഉൾപ്പെടെ 2006-ൽ വെറും 216 ഏക്കറിൽമാത്രം കേരളത്തിന്റെ ഐ.ടി. വികസനം ഒതുങ്ങിനിൽക്കുകയായിരുന്നു. ഇൻഫോപാർക്ക് ദുബായ് കമ്പനിക്ക് തീറെഴുതി കൊടുക്കുകയും എറണാകുളം ജില്ലയിൽ മറ്റൊരു ഐ.ടി. പാർക്ക് വരാൻ പാടില്ലായെ ന്നുള്ള നിബന്ധന അംഗീകരിക്കുകയും ചെയ്തിട്ടാണ് യു.ഡി.എഫ്.

സർക്കാർ അധികാരമൊഴിഞ്ഞത്. എന്നാൽ ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനവും ടെക്നോ പാർക്കിന്റെ മൂന്നാംഘട്ട വികസനവും നടത്തിയിട്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിഞ്ഞത്. കുടിയൊഴിപ്പിക്കലിനെക്കുറിച്ച് ഒരാളുടെപോലും പരാതിയില്ലാതെയാണ് ഈ നേട്ടം കൈവരിച്ചത് എന്നകാര്യം പ്രത്യേകം പരാമർശിക്കുകയാണ്. ടെക്നോപാർക്കിനും ഇൻഫോ പാർക്കിനും പുറമെ കോഴിക്കോട് കേന്ദ്രീകരിച്ച് സൈബർപാർക്ക് സ്ഥാപിച്ചു. സൈബർപാർക്കിന്റെ കീഴിൽ കോഴിക്കോട്ടും കണ്ണൂരിലും കാസർഗോട്ടും ഐ.ടി. പാർക്കുകളുടെ നിർമ്മാണം തുടങ്ങി. കുണ്ടറയിലും ചേർത്തലയിലും കൊരട്ടിയിലും ഐ.ടി. പാർക്ക് ആരംഭിച്ചു. ഒരു ലക്ഷംപേർക്ക് തൊഴിൽ ലഭിക്കുവാൻത്തക്ക വിധത്തിൽ ഇൻഫോപാർക്കിന്റെ വികസന പ്രവർത്തനമാരംഭിച്ചു. 2006-2011 കാലത്ത് ഐ.ടി. കയറ്റുമതിയിൽ റിക്കാർഡ് വളർച്ചയാണ് രേഖപ്പെടുത്തിയത്. ആ വളർച്ചാ നിരക്ക് നിലനിറുത്താൻപോലും ഈ സർക്കാരിന് ആകുന്നില്ല. നിരവധി ലോകോത്തര കമ്പനികൾ ഇവിടെ പ്രവർത്തനം ആരംഭിച്ചു. ഈ പാർക്കുകളുടെ ഇന്നത്തെ സ്ഥിതി എന്താണ്? എൽ.ഡി.എഫ് സർക്കാർ ആരംഭിച്ചതല്ലാതെ പുതുതായി ഏതെങ്കിലും ഐ.ടി. സംരംഭങ്ങൾ ഇവിടെ വന്നോ? സ്മാർട്ട് സിറ്റി പദ്ധതി തുടങ്ങുന്നതിനുള്ള എല്ലാ തടസ്സങ്ങളും നീക്കിയത് എൽ.ഡി.എഫ് സർക്കാരാണ്. ഇൻഫോ പാർക്ക് വിട്ടുകിട്ടണം, എറണാകുളം ജില്ലയിൽ മറ്റ് ഐ.ടി. പാർക്കുകൾ പാടില്ല, 100 ഏക്കർ ഭൂമി

ഫ്രീഹോൾഡ് നൽകണം, 33,000 പേർക്ക് തൊഴിൽ നൽകാനേ കഴിയുകയുള്ളൂ എന്നെല്ലാമുള്ള പഴയ വ്യവസ്ഥകൾ വിട്ടുവീഴ്ചയില്ലാതെ ഒഴിവാക്കി. ഇത്ര സ്ഥലത്ത് ഐ.ടി. ആവശ്യത്തിനുള്ള കെട്ടിടം വേണമെന്നും അത് ഇന്നയിന്ന കാലഘട്ടത്തിൽ പൂർത്തിയാക്കണമെന്നും കരാർ ലംഘിച്ചാൽ ഭൂമി തിരിച്ചെടുക്കുമെന്നും വ്യവസ്ഥ ചെയ്തുകൊണ്ടാണ് ഇപ്പോൾ സ്മാർട്ട് സിറ്റി നടപ്പിലാക്കുന്നത്. ഈ വ്യവസ്ഥകളെല്ലാം ടീകോമിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ഏറെ സമയമെടുത്തു. ഒടുവിൽ സ്മാർട്ട് സിറ്റി നടപ്പിലാക്കുന്നതിന് ദുബായ് ഭരണാധികാരിയെ തന്നെ പങ്കെടുപ്പിച്ച് ചർച്ച നടത്തി. ആ യോഗത്തിൽ ഒപ്പുവച്ച കരാർ അനുസരിച്ച് ഇതിനകം നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയാകണമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നയുടനെതന്നെ ടീകോമിന് കൂടുതൽ സ്ഥലം നൽകാമെന്നും സ്മാർട്ട് സിറ്റിയെ ഐ.ടി. സെസ് അല്ലാതാക്കി മാറ്റാമെന്നും പിന്നാമ്പുറത്ത് തീരുമാനമെടുക്കുവാനുള്ള ധൃതിയാണ് കാണിച്ചത്. നാലര വർഷത്തെ നിരന്തര ചർച്ചയിലൂടെ ദുബായ് കമ്പനിയെക്കൊണ്ട് അംഗീകരിപ്പിച്ച നിബന്ധനകളിൽ ഈ സർക്കാർ ഒരാവശ്യവുമില്ലാതെ വെള്ളം ചേർക്കുകയായിരുന്നു. ഇപ്പോൾ സ്മാർട്ട് സിറ്റി വൈകുന്നതിനു കാരണം പിന്നാമ്പുറം വിലപേശലുകളും യു.ഡി.എഫ്.ലെ ചേരിപ്പോരുകളുമാണ്. സ്മാർട്ട്സിറ്റി പദ്ധതി പ്രദേശത്ത് വൈദ്യുതി ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് വന്ന തർക്കം ഏതാണ്ട് പരിഹരിക്കപ്പെട്ടപ്പോഴാണ്

കേന്ദ്ര ടെലികോം നിയമം ഉദ്ധരിച്ച് വൈദ്യുതി മന്ത്രി പുതിയ ഉടക്കുവച്ചിരിക്കുന്നത്. 14 മാസമായി നിങ്ങൾ ഭരിക്കുന്നു. പേരിനൊരു പന്തൽ ഇട്ടു എന്നുള്ളതല്ലാതെ യാതൊന്നും നിങ്ങളുടെ ഈ ഭരണകാലത്ത് ചെയ്തിട്ടില്ല എന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുകയാണ്. പിന്നെ എനിക്ക് പറയാനുള്ളത് ചെറിയ ചില കാര്യങ്ങളാണ്. തോട്ടങ്ങളുടെ 5 ശതമാനം ഭൂമി എസ്റ്റേറ്റ് ആവശ്യത്തിന് ഉപയോഗിക്കാമെന്ന് ഈ ഗവൺമെന്റ് ഉത്തരവിറക്കി. തോട്ടങ്ങൾ തോട്ടങ്ങളല്ലാതാകുന്നതോടെ ഭൂപരിധിയിൽ ഇളവില്ലാതാകുന്നു എന്ന ഭൂപരിഷ്കരണ നിയമത്തിന്റെ അന്ത:സത്ത നിങ്ങൾ അട്ടിമറിച്ചു. ഇപ്പോൾ വനഭൂമിയും കാലാവധി കഴിഞ്ഞ തോട്ടഭൂമിയുമെല്ലാം സ്വകാര്യ ഉടമകൾക്ക് കൈയടക്കിവയ്ക്കാൻ ഒത്താശ ചെയ്യുന്നു. നെല്ലിയാമ്പതിയിൽ അതാണ് കാണുന്നത്. പാട്ടക്കാലാവധി കഴിഞ്ഞ മുഴുവൻ തോട്ടങ്ങളും സർക്കാർ ഏറ്റെടുക്കണം. സർക്കാർ നേതൃത്വത്തിൽ തോട്ടം നടത്തി തൊഴിലാളികൾക്ക് ജോലി നൽകണം ഇതാണ് ഞങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായം. ഒരിഞ്ചു തോട്ടംപോലും സ്വകാര്യ വ്യക്തികൾക്ക് കൊടുക്കില്ല, ഗവൺമെന്റ് മേഖലയിൽത്തന്നെ നിലനിറുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആ വാഗ്ദാനങ്ങൾ പാലിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 12543 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ തുടങ്ങിയെന്നാണ് വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി അവകാശപ്പെടുന്നത്. സൂക്ഷ്മ സംരംഭങ്ങൾ എന്നു പറ

ഞ്ഞാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മുറുക്കാൻ കടയോ, മിഠായി കടയോ ആണോ എന്ന് അദ്ദേഹം പിന്നീട് വിശദീകരിക്കുമെന്ന് ഞാൻ ആശിക്കുന്നു.  ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. കെ. ശിവദാസൻ നായർ ആറന്മുളയിലെ വിമാനകമ്പനിയെപ്പറ്റി പറയുകയുണ്ടായി. മുൻഗവൺമെന്റ് അതിന് അംഗീകാരം നൽകിയെന്നാണ് അദ്ദേഹം പറഞ്ഞത്.  അത്  ശരിയാണ്. തത്വത്തിൽ അംഗീകാരം നൽകിയെന്നാണ് മനസ്സിലാക്കേണ്ടത്.   ക്യാബിനറ്റ് തീരുമാനമെടുത്ത് പരിശോധിച്ചാൽ അത് കാണാൻ കഴിയും.  അതേസമയം നിലംനികത്തൽ നിയമം ഉൾപ്പെടെയുള്ള നിയമങ്ങളുടെ നിരോധനം ഗൗരവമായി എടുക്കുകയും ചെയ്യുമ്പോൾ ആ വിമാനകമ്പനിക്ക് സ്വാഭാവികമായും പ്രവർത്തിക്കാൻ കഴിയില്ല. ആ അടിസ്ഥാനത്തിൽ അത്തരം കാര്യങ്ങൾ കൂടി ഗൗരവമായി പരിഗണിച്ചുകൊണ്ടുമാത്രമേ എടുക്കാവൂ എന്നാണ് ഞങ്ങളുടെ ക്യാബിനറ്റിന്റെ തീരുമാനം എന്ന് ഞാൻ ഈ അവസരത്തിൽ എന്റെ സ്നേഹിതനെ അറിയിക്കുകയാണ്.  അതുകൊണ്ട് നിങ്ങൾ ആ വഴിക്ക് ചിന്തിച്ചാൽ അതിന് സഹായകരമായിട്ടുള്ള തീരുമാനമേ എടുത്തിട്ടുള്ളൂ. അതേപോലെതന്നെ വ്യവസായ വകുപ്പിൽ കഴിഞ്ഞ കാലത്ത് നടന്നിട്ടുള്ള ചില കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു പതിറ്റാണ്ടിലേറെക്കാലം മലബാർ സിമന്റ്സിന്റെ ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള ആളാണ് മുൻ ചീഫ് സെക്രട്ടറികൂടിയായ ശ്രീ. ജോൺ മത്തായി. അദ്ദേഹത്തെ പ്രതിപ്പട്ടികയിൽ നിന്ന് അന്യായമായി

ഒഴിവാക്കുന്നതിലൂടെ കേസ് അപ്പടി തേച്ചുമാച്ച് കളയാനും യഥാർത്ഥ അഴിമതിക്കാരെ രക്ഷിക്കാനുമാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കണം. മലബാർ സിമെന്റ്സിലെ അഴിമതിയെ സംബന്ധിച്ച് സി.ബി.ഐ.യെക്കൊണ്ട് സമ ഗ്രമായ ഒരന്വേഷണത്തിന് ഗവൺമെന്റ് തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. മലബാർ സിമെന്റ്സ് കമ്പനിയിലെ സെക്രട്ടറിയായി രുന്ന ശശീന്ദ്രനേയും അദ്ദേഹത്തിന്റെ രണ്ട് മക്കളേയും കൊലപ്പെടു ത്തിയ ആളുകൾ തന്നെയാണ് ഈ അഴിമതിക്കെല്ലാം കാരണഭൂരതായിട്ടു ള്ളവർ. അതിൽ ഒരാൾ കുപ്രസിദ്ധനായ ചാക്ക് രാധാകൃഷ്ഷണനെന്ന റിയപ്പെടുന്ന ആളാണ്. അയാൾ ചാക്ക് കച്ചവടവുമായി വന്നതാണ്. ഇപ്പോൾ അദ്ദേഹം ആയിരക്കണക്കിന് കോടി രൂപയുടെ സ്വത്തിനുടമയാ ണ്. അദ്ദേഹത്തിന്റെ സ്വത്ത് എങ്ങനെയുണ്ടായി എന്നെല്ലാമുള്ള കാര്യ ങ്ങൾ പുറത്തുവരുമെന്നുള്ളതുകൊണ്ട് കമ്പനി സെക്രട്ടറിയായ ശശീന്ദ്ര നേയും അദ്ദേഹത്തിന്റെ ഓമനകളായ രണ്ട് കുഞ്ഞുങ്ങളേയും കൊല പ്പെടുത്തി. മലബാർ സിമെന്റ്സിന്റെ അഴിമതിയെ സംബന്ധിച്ച് അന്വേ ഷിക്കുന്നതിനു പകരം ശശീന്ദ്രനേയും മക്കളുടേയും കൊലപാതകം സംബന്ധിച്ച അന്വേഷണം മാത്രമേ സി.ബി.ഐ.ക്ക് വിട്ടുള്ളൂ. അതു കൊണ്ട് മലബാർ സിമെന്റ്സിലെ അഴിമതിയടക്കമുള്ള കാര്യങ്ങൾ അന്വേ ഷിക്കണം. ഇപ്പോൾ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. ജോൺ മത്തായിയെ വിടുതൽ ചെയ്തിട്ടുണ്ടല്ലോ. കോടതിയിൽ

കേസുള്ള പ്രതിയായ ആളിനെ പ്രതിപട്ടികയിൽ നിന്ന് വിടാൻ ക്യാബിനറ്റ് തീരുമാനിച്ചിരിക്കുകയാണ്. സാമാന്യനീതിക്ക് വിരുദ്ധമായി, നഗ്നമായി അഴിമതിക്കാരെ രക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടിയാണ് എടുത്തിരിക്കുന്നത്. മലബാർ സിമന്റ്സിലെ അഴിമതിയെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തിയാൽ ചാക്ക് രാധാകൃഷ്ണൻ നിരവധി കോടികൾ ഉണ്ടാക്കിയതിന്റെ അടിസ്ഥാനമെന്തെന്നും അതുപോലെ കൊലപാതകത്തെ സംബന്ധിച്ചും മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആർ.സി.സി.-യിലെ ഒരു നിയമനത്തിൽ ഇടപെട്ടിരിക്കുകയാണ്. കെ.പി.സി.സി. അംഗവും പ്രാദേശിക കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയുമായ ഒരു നേതാവിന്റെ സഹധർമ്മിണിയും ആർ.സി.സി.-യിലെ നഴ്സുമായ ഫ്ളവർ അഗസ്റ്റിനെ അവർ അവിടെ കാണിച്ച ക്രമക്കേടിന്റെ ഫലമായി 1993-ൽ പിരിച്ചുവിടുകയും ഹൈക്കോടതി ആ പിരിച്ചുവിടലിന് അംഗീകാരം നൽകുകയും ചെയ്തു. ആ പിരിച്ചുവിടലിനെ ക്വസ്റ്റ്യൻ ചെയ്തുകൊണ്ട് അവർ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കോടതി അതിന് അംഗീകാരം നൽകുകയാണ് ചെയ്തത്. ഹൈക്കോടതി പാടില്ല എന്ന് പറഞ്ഞ ആ നഴ്സിനെ 2002-ൽ വീണ്ടും പുതുതായി നിയമിച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ retrospective ആയി 30 ലക്ഷം രൂപ കൊടുക്കാൻ മുഖ്യമന്ത്രി ആർ.സി.സി. യോട് ആവശ്യപ്പെട്ട് ഉത്തരവിട്ടിരിക്കുകയാണ്. ഇത് നഗ്നമായ അഴിമതിയാണ്. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിരിച്ചുവിട

ലിന്റെ ഘോഷയാത്ര നടത്തിക്കൊണ്ടിരിക്കുകയാണ്. തിരിച്ചെടുക്കലുകളും ഉണ്ടായിട്ടുണ്ട്. ആരെയാണ്? ഫ്ളവർ അഗസ്റ്റിനെ തിരിച്ചെടുത്തിരിക്കുകയാണ്. കാരണം കോൺഗ്രസിന്റെ കെ.പി.സി.സി. അംഗമാകുമ്പോൾ അതുപോലുള്ള ആളുകളോട് നിങ്ങൾക്ക് ഒരു ബാധ്യതയുണ്ടെന്ന് ഞാൻ അംഗീകരിക്കുന്നു. പക്ഷേ അത് കഷ്ടമായിപ്പോയി എന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്. ക്യാൻസർ രോഗത്തിന് നല്ല ചികിത്സ നടത്തുന്ന, ജനങ്ങൾക്ക് ഒട്ടേറെ ഉപകാരപ്രദമായി ചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന ഗവൺമെന്റ് മേഖലയിലെ ഒരു സ്ഥാപനമാണ് ആർ.സി.സി. ആ സ്ഥാപനത്തിൽ ശ്രീ. കൃഷ്ണൻ നായർ ചെയർമാനായിരുന്ന കാലത്താണ് ഈ ഫ്ളവർ അഗസ്റ്റിനെ പിരിച്ചു വിട്ടത്. അവരെ മുഖ്യമന്ത്രി തിരിച്ചെടുത്തു എന്ന് മാത്രമല്ല, തിരിച്ചെടുത്തോട്ടെ, പക്ഷേ retrospective ആയി 30 ലക്ഷം രൂപ ആർ.സി.സി. ഇപ്പോൾ എണ്ണിക്കൊടുക്കണം. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓർഡറിന്റെ ഫലമതാണ്. സർക്കാരിന്റെ ഖജനാവിൽ നിന്ന് കൊടുക്കാൻ അദ്ദേഹം ഉദ്ദേശിച്ചിട്ടില്ല. ആർ.സി.സി. കൊടുക്കാനാണ് പറഞ്ഞത്. അത് മര്യാദ കെട്ട നടപടിയായിപ്പോയി എന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട എം.പി. കെ. സുധാകരന്റെ ഡ്രൈവറും സന്തതസഹചാരിയുമായിരുന്ന ശ്രീ. പ്രശാന്ത് ബാബു ഈയിടെ ഒരു വെളിപ്പെടുത്തൽ നടത്തി, മൂന്നുപേരെ കൊലപ്പെടുത്തുന്നതിന് എം.പി. നിർദ്ദേശം കൊടുത്തു എന്ന്. അതിനുപുറമേ പാർട്ടികോൺഗ്രസിൽ പങ്കെ

ടുത്തതിനു ശേഷം കേരളത്തിലേയ്ക്ക് പോരുമ്പോൾ വാടക കൊലയാളികളെ ഏർപ്പാട് ചെയ്ത് ശ്രീ. ഇ.പി. ജയരാജനെ കൊലപ്പെടുത്താൻ ശ്രമിച്ചു. അദ്ദേഹം കഷ്ടിച്ചു രക്ഷപ്പെട്ടു. അതും ഇപ്പോൾ വെളിപ്പെടുത്തലിലൂടെ പുറത്തുവന്നിരിക്കുകയാണ്. ആ ആളിനെതിരായി കേസെടുക്കണം എന്നാവശ്യപ്പെട്ടിട്ടും അത് കണ്ട ഭാവം ഗവൺമെന്റ് കാണിച്ചിട്ടില്ല. ബാക്കി കേസുകളെല്ലാം ഊർജ്ജസ്വലമായി നടത്തുന്നുണ്ട്. ഒരു തർക്കവുമില്ല. ആ ഊർജ്ജസ്വലത ശ്രീ. കെ. സുധാകരന്റെ കാര്യത്തിൽ കാണുന്നില്ല. ഇരട്ടക്കൊലക്കേസിലെ മൂന്ന് പ്രതികളിൽ ഏതോ പ്രധാനപ്പെട്ട ആളുകളെ രക്ഷപ്പെടുത്താൻ വേണ്ടിയാണ് ശ്രീ. ഗോപിനാഥൻ എന്ന ആളെ, അങ്ങനെയുള്ളയാളുകളെ എങ്ങനെ ഉപയോഗിക്കണമെന്ന് നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിക്കറിയാം. ആ തരത്തിലുള്ള ഒരാളിന്റെ അന്വേഷണത്തിന് വിട്ടിരിക്കുകയാണ്. കൊലയ്ക്കെതിരായിട്ടുള്ള ധാർമ്മികരോഷം sincere ആണെങ്കിൽ എന്തുകൊണ്ട് ശ്രീ. കെ. സുധാകരന്റെ.....................

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഈ പറഞ്ഞ ശ്രീ. ഗോപിനാഥൻ അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോൾ അഞ്ചു കൊല്ലം ലോ ആന്റ് ഓർഡർ-ൽ ഇരുന്നയാളാണ്. അങ്ങ് കൂടി പൂർണ്ണമായി അംഗീകരിക്കുമെന്നുള്ളതുകൊണ്ടാണ് ലോ ആന്റ് ഓർഡർ-ൽ ഇരുന്നയാളിനെ, ആ ഗവൺമെന്റിന്റെ കാലത്ത് സിറ്റി പോലീസ് കമ്മീഷണറാക്കിയ ഒരാളിനെ, അത്രയും വിശ്വസ്ത

നായ ഒരാൾ തന്നെ അന്വേഷിച്ചോട്ടെ എന്നു കരുതിയിട്ടാണ് ഞങ്ങൾ പറഞ്ഞത്. പക്ഷേ വേറെ ചില കേസ്സുകളിൽ വ്യത്യസ്തമായ അഭിപ്രായം പറഞ്ഞു. ഞങ്ങൾ ആ ആളിനെ മാറ്റി. അവിടെ നിന്ന് വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ആളിനെയും വച്ചു. ഇതിൽ കൂടുതൽ എന്താണ് ഒരു ഗവൺമെന്റ് ചെയ്യുക?

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : സർ, ഞങ്ങളുടെ കാലത്ത് ഒരു ചെറിയ പിരീഡിലുണ്ടായിരുന്നു എന്ന സത്യം അംഗീകരിക്കുന്നു. പക്ഷേ കാര്യം മനസ്സിലായപ്പോൾ അയാളെ ഞങ്ങൾ ഒഴിവാക്കി. ഞാൻ പറഞ്ഞു വന്നത് ശ്രീ. കെ. സുധാകരന്റെ കാര്യത്തിൽ എന്തിനാണ് ഇങ്ങനെ അറച്ചു നിൽക്കുന്നത്? ശ്രീ. കെ. സുധാകരന്റെ പേര് കേട്ടാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുട്ടുവിറയ്ക്കുകയാണോ എന്ന് ഞാൻ ചോദിക്കുകയാണ്. ഏതായാലും ഒരു വിവേചനം കാണുന്നു. ശ്രീ. കെ. സുധാകരന്റെ കാര്യത്തിൽ മാത്രമല്ല. അനീഷ് രാജിനെ കോൺഗ്രസുകാരെല്ലാം ചേർന്ന് കൊലപ്പെടുത്തിയതിനുശേഷം കൊലയാളികളായ ആളുകളിൽ രണ്ടുപേരെ അറസ്റ്റ് ചെയ്തു. ബാക്കി 7 പേരെ അറസ്റ്റ് ചെയ്തില്ല. മിക്കവാറും കോൺഗ്രസ്സുകാരായിരിക്കും. അല്ലെങ്കിൽ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാൻ താമസിക്കുന്നത്? അനീഷ് രാജിനെ കൊലപ്പെടുത്തിയിട്ട് മാസം നാലായി? ഏഴു പേരെ കിട്ടുന്നില്ല? എവിടെയും അന്വേഷിച്ചിട്ട് കിട്ടുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിനകത്ത് അഞ്ചുപേരുടെ പേരാണ് എഫ്.ഐ. സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ളത്. അഞ്ചുപേരിൽ രണ്ട് പേരെ അറസ്റ്റ് ചെയ്തു. ആ രണ്ട് ആളുകളെക്കുറിച്ചാണ് ഇവിടെ നേരത്തെ പൊളിറ്റിക്സിന്റെ അടിസ്ഥാനത്തിൽ സംസാരിച്ചത്. ബാക്കി അവശേഷിക്കുന്ന മൂന്ന് ആളുകളും കോൺഗ്രസുമായി ഒരു ബന്ധമില്ലെന്നു മാത്രമല്ല ഒരാളിന് വേറെ ചില പാർട്ടിയുമായാണ് ബന്ധം. ഞാൻ അത് തുറന്ന് പറയുന്നില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഞാൻ പറഞ്ഞ 9 ആളുകളിൽ 7 പേരെ പിടിക്കാനുണ്ടെന്ന് അംഗീകരിക്കാൻ കഴിയുമല്ലോ. പാർട്ടിയുടെ കാര്യമൊന്നും ഞാൻ ചോദിച്ചില്ല. പാർട്ടി ഏതുമാകട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമരം ചെയ്ത വിദ്യാർത്ഥി സംഘടനകൾ സംസാരിക്കാൻ വന്നു. അവരുടെ കൂടി നിർദ്ദേശപ്രകാരം ക്രൈം ബ്രാഞ്ചിനെ കേസ് ഏൽപ്പിച്ചിരിക്കുകയാണ്. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിക്കോട്ടെ.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ഈ 9 പേരിൽ രണ്ടു പേരെ മാത്രമേ അറസ്റ്റ് ചെയ്തിട്ടുള്ളൂ. മാസം നാലു കഴിഞ്ഞിട്ടും ബാക്കി 7 പേരെ അറസ്റ്റ് ചെയ്തിട്ടില്ല എന്ന കാര്യമാണ് ഞാൻ പറഞ്ഞത്. അത് നിഷേധിക്കുന്നില്ലല്ലോ. ആകെ രണ്ടു പേരെ മാത്രമേ പിടിച്ചിട്ടുള്ളൂ. കേസ്സെടുക്കുന്നതിലെ വാശിയും ഉത്സാഹവും ഏകപക്ഷീയമായി മാത്രം

വരുന്നത് നല്ലതല്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ച് പക്ഷപാതപരമായ ഒരു നിലപാട് കൈക്കൊള്ളുന്ന ഗവൺമെന്റാണ് എന്നുള്ള അപഖ്യാതി നിങ്ങൾ തന്നെ ക്ഷണിച്ചു വരുത്തുകയാണ് എന്ന് ഞാൻ ഈ അവസരത്തിൽ നിങ്ങളെ അറിയിക്കുകയാണ്. മുഴുവൻ ആളുകളെയും പിടിച്ചകാര്യം പറഞ്ഞ് അഭിമാനിക്കുമ്പോഴാണ് ഞാൻ പറഞ്ഞ ഏറിയ കൂറും ആളുകളെ പിടിക്കാത്തത്. അതുപോലെതന്നെ ശ്രീ. കെ. സുധാകരനെന്ന് കേൾക്കുമ്പോൾ മുട്ടുവിറയ്ക്കുന്നത്. മലപ്പുറത്തെ കുനിയിൽ നടന്ന ഇരട്ടക്കൊലപാതകത്തിൽ യഥാർത്ഥ പ്രതികളെ പിടിക്കാത്തതെന്താണ്? നിങ്ങൾ എല്ലാ കാര്യങ്ങളും ജോറായി ചെയ്യുന്നുവെന്നുപറയുമ്പോൾ അങ്ങനെയല്ല ഏകപക്ഷീയമായിട്ടാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന വസ്തുതയാണ് ഞാൻ ചൂണ്ടികാണിക്കുന്നത്. ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക നയത്തെ സംബന്ധിച്ച് എന്റെ സ്നേഹിതൻ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞ കൂട്ടത്തിൽ നെഹ്റു സ്വീകരിച്ചു വന്ന നയത്തിലുണ്ടായ മാറ്റം ഇപ്പുറത്തിരിക്കുന്നവർ കാണുന്നില്ലായെന്ന് പറഞ്ഞു. നവലിബറലിസമാണ് നിങ്ങൾ എടുത്തുകൊണ്ടിരിക്കുന്നതെന്ന് നിങ്ങളാണോ ഞങ്ങളാണോ മനസിലാക്കാത്തതെന്ന് നിങ്ങൾ ചിന്തിക്കണം. വാൾ സ്ട്രീറ്റിൽ 99 ശതമാനം ഞങ്ങളാണ്, നിങ്ങൾ 1 ശതമാനം മാത്രമാണ്. നൂറുകണക്കിന് അംഗങ്ങൾ പട്ടണത്തിലിറങ്ങി ജാഥ വിളിക്കുകയാണ് മാർക്സാണ് ശരിയെന്ന് ഞങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുവെന്ന്. മാർക്സാണ് ശരിയെന്ന് അവർ മുദ്രാവാക്യം വിളിക്കു

ന്നു. ഞങ്ങൾക്ക് അമേരിക്കയിൽ ബ്രാഞ്ചൊന്നുമില്ല. അവിടെ അവർ സ്വയമായി വിളിക്കുകയാണ്. അങ്ങനെയുള്ള കാലത്ത് അമേരിക്കയിൽ ചെയ്തുകൊണ്ടിരിക്കുന്നത് എന്താണെന്ന് ഞങ്ങൾക്കറിയാം. തൊഴിലാളികളുടെയും ശമ്പളക്കാരുടെയും കൂലി വെട്ടിക്കുറച്ച് സാമ്പത്തിക ഭാരം മുതലാളിമാരെയൊന്നും ബാധിക്കാത്ത രീതിയിലുള്ള നവലിബറൽ നയമാണ് അമേരിക്ക സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുതന്നെയാണ് നിങ്ങൾ ഇവിടെയും സ്വീകരിച്ചുവന്നത്. ഇതിനോട് ശ്രീമതി ഗാന്ധിക്കോ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോ യോജിപ്പുണ്ടായിരുന്നില്ല. നിങ്ങൾ അവരെയെല്ലാംവിട്ട് മൻമോഹനിസത്തിലേയ്ക്ക് എത്തുമ്പോൾ നവലിബറലിസത്തിൽ നിങ്ങൾ എത്തിനിൽക്കുന്നു എന്നതാണ് സത്യം. ഞങ്ങളും നിങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. തൊഴിലാളികളെ, ജോലി ചെയ്യുന്ന അല്പശമ്പളക്കാരായ ആളുകളെ നിങ്ങൾ കഷ്ണിക്കുകയാണ്. അവരുടെ പെൻഷൻ സമ്പ്രദായം, മാറ്റിവയ്ക്കപ്പെട്ട കൂലിയെന്ന നിലയിൽ കൊടുത്തുകൊണ്ടിരുന്ന പെൻഷൻ ഇപ്പോൾ കോൺട്രിബ്യൂട്ടറി പെൻഷനാക്കി നിങ്ങൾ മാറ്റികൊണ്ടിരിക്കുകയാണ്. അതിനെല്ലാമെതിരായിട്ടാണ് സമരം നടന്നുകൊണ്ടിരിക്കുന്നത്. ഐ.എൻ.ടി.യു.സി അടക്കമുള്ളവർചേർന്ന് സമരമാണ്. ദേശീയാടിസ്ഥാനത്തിൽ 28-ന് നടന്ന വമ്പിച്ച സമരത്തിൽ ഐ.എൻ.ടി.യു.സി അടക്കമുള്ള ആളുകൾ ചേർന്നു. ആ നിലയിലുള്ള മാറ്റങ്ങൾ നിങ്ങളാണോ അതോ ഞങ്ങളാണോ കാണാതിരിക്കുന്നതെന്ന് ശ്രീ. കെ. ശിവദാസൻ നായർ ഒന്നുകൂടി പഠിക്കണമെന്ന്

ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഐ.ടി. വ്യവസായ വകുപ്പിനെ സംബന്ധിച്ചുള്ള ഡിമാന്റ്സിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

* * * * * * * * * * * * * * * *